2024 ഏപ്രിൽ 06

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 42. • ISSUE 15 • പുസ്തകം 42 • ലക്കം 15 • പേജ് 6

## ദീനായുടെ വിനോദയാത്ര (ഉല്പ. 34)

വി.പി. ജേക്കബ്, തിരുവനന്തപുരം

ദീനാ യിസ്രായേലിലെ ഗോത്രപിതാക്കന്മാരുടെ സഹോദരിയായിരുന്നു. ദീനാ എന്ന പേരിന്റെ അർത്ഥം "ന്യായം വിധിച്ചു" അഥവാ "പ്രതികാരം നടത്തി" എന്നാണ്. പേരിന്റെ അർത്ഥം അറിയാതെ പേര് ധരിച്ചിരിക്കുന്ന ചില സ്ത്രീകൾ ഉണ്ടായി എന്നുവരാം. പണ്ടത്തെപ്പോലെ ഇക്കാലത്തും അർത്ഥം നോക്കിയൊന്നുമല്ല അനേകം മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കു പേരുകൾ ഇടുന്നത്. ദീനായുടെ വിനോദയാത്രയാണ് പ്രസ്തുത ലേഖന വിഷയം.

**ദൈവത്തോടുള്ള ഭയം കൊണ്ടോ മനുഷ്യന്റെ അഭ്യുദയത്തിനുള്ള ആകാംക്ഷകൊണ്ടോ അല്ല വൈരി ദൈവത്തെ അനുകരിക്കുന്നത്. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു വ്യക്തിയാണ് പിശാച്. മനുഷ്യനെ വഞ്ചിക്കയെന്നതാണു അവന്റെ ഉദ്ദേശം.**

ദീനാ ദേശത്തിലെ കന്യകമാരെ കാൺമാൻ പോയി. അവൾ എന്തുദ്ദേശത്തോടുകൂടി പോയി എന്നു പറയുന്നില്ല. മതിയായ കാരണം കൂടാതെയാണ് ഏകദേശം 15 വയസ്സ് പ്രായമുള്ള ഒരു യുവതി ഒരു ദിവസം വീട്ടിൽ നിന്നും ഇറങ്ങിപ്പോയത്. അതു യോഗ്യമായ ഒരു കാര്യമല്ല. പ്രസ്തുത വിനോദയാത്ര എന്തുമാത്രം അപമാനത്തിലും അശുഭത്തിലും കലാശിച്ചു എന്നതു ഏതൊരു വ്യക്തിയിലും ഗൗരവമായ ചിന്തയെ ഉദ്ദീപിപ്പിക്കുന്ന ഒരു വസ്തുതയത്രെ. ഉദ്ദേശം കൂടാതെയുള്ള യാതൊരു പ്രവർത്തനവും പ്രമാണവും നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ല എന്ന പ്രാഥമായ പാഠമാണ് ദീനാ ആദ്യമായി നമ്മെ പഠിപ്പിക്കുന്നത്. പെട്ടെന്നു ദാവീദ് എന്റെ ഓർമ്മയിൽ നുഴഞ്ഞുകയറുന്നു. "ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തയിൽ നിന്നെഴുന്നേറ്റു രാജധാനിയുടെ മാളികമേൽ ഉലാവിക്കൊണ്ടിരിക്കുമ്പോൾ...." (2 ശമു. 11). ദാവീദുമാളികമേൽ ഉലാവിക്കൊണ്ടിരിക്കുന്നത് എന്തിനുവേണ്ടി? വെറുതെ; എന്നാണുത്തരം. വെറുതെ ഉലാവിയതിന്റെ ഫലം എന്തായിരുന്നു? ഹൃദയഭേദകമായ വീഴ്ചയും തകർച്ചയും. പ്രിയ വായനക്കാരാ, ഉദ്ദേശവും കാരണവും കൂടാതെയുള്ള യാത്രകളും ഇടപാടുകളും ഉണ്ടാകാതിരിപ്പാൻ കരുതലുള്ളവനായിരിക്ക.

ദേശത്തിന്റെ പ്രഭുവായ ശെഖേം ദീനായെ ദീനയാക്കി. ഈ ലോകത്തിന്റെ പ്രഭുവായ സാത്താനും അവന്റെ കിങ്കരന്മാരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരും നമുക്ക് കേടു ചെയ്യുവാൻ കച്ചകെട്ടിയിരിക്കുന്നവരാണ്. സാത്താൻ ദൈവത്തിന്റെയും മനുഷ്യന്റെയും പരമ വൈരിയാണല്ലോ. ഈ യാഥാർത്ഥ്യം അറിയാതെയാണ് അസംഖ്യം സ്ത്രീ പുരുഷന്മാർ പിശാചുമായി മമതയും ബന്ധവും പുലർത്തുന്നത്.

ബുദ്ധൻ യുവാവായിരുന്നപ്പോൾ ഒരു ദിവസം കൊട്ടാരത്തിന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു വെടിയേറ്റ പക്ഷി രാജകുമാരന്റെ മുമ്പിൽ വീണു. ഈ പക്ഷിയെ വെടിവച്ചതു ബുദ്ധന്റെ ഒരു മച്ചുനനായിരുന്നു. കരുണാശാലിയായ ബുദ്ധൻ വെടിയേറ്റു വേദന അനുഭവിക്കുന്ന പക്ഷിയെ കയ്യിലെടുത്ത് അതിനെ സൗഖ്യമാക്കുവാൻ ആവശ്യമായ ചില ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്നു. വെടിവെച്ച രാജകുമാരൻ ബുദ്ധന്റെ അടുക്കൽ വന്നു: "ഞാനാണ് ഈ പക്ഷിയെ കൊന്നത് ഞാനാണിതിന്റെ അവകാശി" എന്നു തന്റെ അവകാശവാദം പുറപ്പെടുവിച്ചു. "ഈ പക്ഷിക്കു കേടുവരുത്തിയ നീയല്ല, പിന്നയോ ഇതിന്റെ ജീവനെ രക്ഷിക്കുവാൻ ശ്രമിക്കുന്ന ഞാനാണ് ഇതിന്റെ അവകാശി" എന്നായിരുന്നു ബുദ്ധന്റെ ബുദ്ധിപൂർവ്വമായ മറുപടി. പ്രിയവായനക്കാരാ, നീ ആരുടെ വകയാണ്? നിന്റെ പ്രാണനെ നശിപ്പിക്കുവാൻ സദാ ജാഗരൂകനായിരിക്കുന്ന സാത്താനുമായി നീ ബന്ധം പുലർത്തുന്നതു തികച്ചും അബദ്ധമല്ലയോ? നിന്റെ പ്രാണനെ നാശത്തിൽ നിന്നു രക്ഷിക്കുവാൻ വേണ്ടി കാൽവറി ക്രൂശിൽ പ്രാണത്യാഗം ചെയ്ത യേശുക്രിസ്തുവിനെ നിന്റെ സ്വന്തം രക്ഷിതാവായി സ്വീകരിക്കാതിരിക്കുന്നത് ഭോഷത്വമല്ലയോ? ശാന്തമായി ആലോചിച്ചാലും!

ദേശത്തിന്റെ പ്രഭു ബാലയോടു ഹൃദ്യമായി സംസാരിച്ചു. മനസ്സിനു സന്തോഷം ഉളവാകത്തക്കരീതിയിൽ സംസാരിച്ചു എന്നതാണ് കർണ്ണാടക പരിഭാഷ. ദൈവത്തെ അനുകരിക്കയാണു സാത്താന്റെ ഒരു തന്ത്രം. ദൈവത്തോടുള്ള ഭയം കൊണ്ടോ മനുഷ്യന്റെ അഭ്യുദയത്തിനുള്ള ആകാംക്ഷകൊണ്ടോ അല്ല വൈരി ദൈവത്തെ അനുകരിക്കുന്നത്. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു വ്യക്തിയാണ് പിശാച്. മനുഷ്യനെ വഞ്ചിക്കയെന്നതാണു അവന്റെ ഉദ്ദേശം. വഞ്ചനാകലയിൽ സാത്താൻ വളരെ പ്രവീണനായിരിക്കയാണ്. ദൈവം എന്താണ് ചെയ്യുന്നത്? "അതുകൊണ്ട് ഞാൻ അവളെ വശീകരിച്ച് മരുഭൂമിയിൽ കൊണ്ടുചെന്നു അവളോട് ഹൃദ്യമായി സംസാരിക്കും" (ഹോശേ. 2:14). ദൈവം ഹൃദയത്തോടു സംസാരിക്കുന്നു. പിശാചും ഹൃദയത്തോടു മന്ത്രണം കഴിക്കുന്നു. ദൈവം നല്ല അർത്ഥത്തിൽ മനുഷ്യ

▶▶ ശേഷം 5-ാം പേജിൽ

## ഇടയസങ്കീർത്തനങ്ങൾ

എം.എം. ആൻഡ്രൂസ്
തിരുവനന്തപുരം

ദൈവം ഇടയനും ദൈവമക്കൾ ആടുകളും എന്നുള്ള സാദൃശ്യം വേദപുസ്തകത്തിലുടനീളം നമുക്കു കാണാം. "യഹോവ എന്റെ ഇടയനാകുന്നു" എന്ന് ദാവീദ് പറയുന്നു "നാം അവന്റെ ജനവും അവൻ മേയ്ക്കുന്ന ആടുകളും ആകുന്നു" എന്ന് സങ്കീർത്തനം 100 -ൽ

**നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു". ആടുകൾക്കുവേണ്ടി സ്വന്തജീവനെ നൽകി രക്ഷിച്ച ഏകഇടയൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. കാൽവറി ക്രൂശിൽ വിലയേറിയ രക്തം ചിന്തിയാണ് കർത്താവ് ഈ വീണ്ടെടുപ്പു സാധിപ്പിച്ചത്. നമ്മെ ജീവൻ തന്നു വീണ്ടെടുത്തവൻ എന്ന നിലയിൽ കർത്താവു തന്നെ നല്ല ഇടയൻ എന്നു വിശേഷിപ്പിക്കുന്നു.**

നാം വായിക്കുന്നു. "ഇതാ യഹോവയായ കർത്താവും ബലശാലിയായി വരുന്നു... ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്ത് മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും" (യെശ. 40:10-11). പഴയനിയമകാലയളവിൽ യഹോവയായ ദൈവം ഇടയനും യിസ്രായേൽ ജനം ആടുകളുമായി അനേകം വേദഭാഗങ്ങളിലും വിവരിച്ചിട്ടുണ്ട്. പുതിയനിയമസഭയോടുള്ള ബന്ധത്തിൽ കർത്താവായ യേശുക്രിസ്തു പ്രധാന ഇടയനും ദൈവജനം ആടുകളുമാണ്. കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം തിബര്യാസ് കടൽക്കരയിൽ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ പത്രോസിനോട് "എന്റെ ആടുകളെ മേയ്ക്ക" എന്ന് മൂന്നുപ്രാവശ്യം കല്പിക്കുകയും ഇടയശുശ്രൂഷ പത്രോസിനു നൽകുന്നതായും നാം കാണുന്നു.

ദൈവസഭ രൂപീകൃതമായശേഷം സ്ഥലംസഭകളിൽ വിശ്വാസികളുടെ ആത്മീക വർദ്ധനവിനും സഭാപരിപാലനത്തിനുമായി ദൈവം പ്രത്യേക കൃപാവരം കൊടുത്ത് ഇടയന്മാരെ (പാസ്റ്റേഴ്സ്) നിയമിച്ചിരിക്കുന്നതായി പുതിയ നിയമത്തിന്റെ വിവിധ ഭാഗങ്ങളിൽ നാം വായിക്കുന്നു. സഭകളിൽ പരിശുദ്ധാത്മാവ് എഴുന്നേൽപ്പിക്കുന്ന ഇടയന്മാർ ആത്മാക്കൾക്കുവേണ്ടി ജാഗരിക്കേണ്ടവരും വലിയ ഇടയനായ കർത്താവിന് കണക്കു കൊടുക്കേണ്ടവരുമാണ് (എബ്രാ. 13:17). ഇടയൻ എന്ന നിലയിൽ കർത്താവായ യേശുക്രിസ്തുവിനുമാത്രം അവകാശപ്പെട്ടവുന്ന മൂന്നു പ്രത്യേക പദവികൾ തിരുവെഴുത്തിൽ നാം കാണുന്നുണ്ട്. അവ "നല്ല ഇടയൻ" (Good Shepherd), വലിയ ഇടയൻ (Great Shepherd), ശ്രേഷ്ഠ ഇടയൻ (Cheif Shepherd) എന്നിവയാണ്.

**നല്ല ഇടയൻ (Good Shepherd)**

യോഹ. 10:11 -ൽ കർത്താവ് ഇപ്രകാരം പറയുന്നു "ഞാൻ നല്ല ഇടയനാകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു". ആടുകൾക്കുവേണ്ടി സ്വന്തജീവനെ നൽകി രക്ഷിച്ച ഏകഇടയൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. കാൽവറി ക്രൂശിൽ വിലയേറിയ രക്തം ചിന്തിയാണ് കർത്താവ് ഈ വീണ്ടെടുപ്പു സാധിപ്പിച്ചത്. നമ്മെ ജീവൻ തന്നു വീണ്ടെടുത്തവൻ എന്ന നിലയിൽ കർത്താവു തന്നെ നല്ല ഇടയൻ എന്നു വിശേഷിപ്പിക്കുന്നു.

**വലിയ ഇടയൻ (Great Shepherd)**

എബ്രാ. 13:20 -ൽ "നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ "വലിയ ഇടയനായ" നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം എന്നു നാം വായിക്കുന്നു. മരിച്ചവരിൽ ഉയിർത്തെഴുന്നേറ്റവൻ എന്ന പദവി കർത്താവായ യേശുക്രിസ്തുവിനല്ലാതെ മറ്റൊരു ഇടയനും അവകാശപ്പെടാവുന്നതല്ല. അതുകൊണ്ട് കർത്താവിനെ "വലിയ ഇടയൻ" എന്ന് എബ്രായ ലേഖനകർത്താവും വിശേഷിപ്പിക്കുന്നു.

**ശ്രേഷ്ഠ ഇടയൻ (Cheif Shepherd)**

1 പത്രോ. 5:4 -ൽ ഇപ്രകാരം നാം വായിക്കുന്നു "എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും". മാളികമുറിയിലെ ശുശ്രൂഷയിൽ വച്ച് കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:3). കർത്താവായ യേശുക്രിസ്തുവല്ലാതെ മറ്റാരും വീണ്ടും വരുമെന്ന് വാഗ്ദത്തം നൽകിയിട്ടില്ല. ഈ ശ്രേഷ്ഠപദവി മറ്റൊരു ഇടയനും ഇല്ല. അതുകൊണ്ട് ശിഷ്യനായ പത്രോസ് പറയുന്നു; കർത്താവ് ശ്രേഷ്ഠ ഇടയനാണെന്ന്. ഉത്തമഗീതം 5-ാം അദ്ധ്യായത്തിൽ യരുശലേം പുത്രിമാർ ശൂലേമിയോടു ചോദിക്കുന്നു "നിന്റെ പ്രിയന് മറ്റു പ്രിയന്മാരേക്കാൾ എന്തു വിശേഷതയുണ്ട്" എന്ന്. എന്നാൽ നമ്മുടെ ഇടയൻ മറ്റു ഇടയന്മാരേക്കാൾ എത്രയോ ശ്രേഷ്ഠത ഏറിയവനാണ്.

നമ്മുടെ ഇടയന് മറ്റു ഇടയന്മാരേക്കാൾ എന്തു യോഗ്യതയുണ്ട് എന്ന് ചിത്രീകരിക്കുന്ന മൂന്നു സങ്കീർത്തനങ്ങൾ ദാവീദ് പ്രവചനദൃഷ്ട്യാ ക്രിസ്തുവിനെ കണ്ടു കൊണ്ട് എഴുതിയിരിക്കുന്നു. അവ 22, 23, 24 എന്നീ സങ്കീർത്തനങ്ങളാണ്. ഇവയെയാണ് ഇവിടെ "ഇടയ സങ്കീർത്തനങ്ങൾ" എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ദാവീദ് 22-ാം സങ്കീർത്തനത്തിൽ കർത്താവിനെ നല്ല ഇടയനായും, 23-ാം സങ്കീർത്തനത്തിൽ വലിയ ഇടയനായും 24-ാം സങ്കീർത്തനത്തിൽ ശ്രേഷ്ഠ ഇടയനായും ചിത്രീകരിക്കുന്നു. ഈ മൂന്നു സങ്കീർത്തനങ്ങൾ അല്പമായി ചിന്തിക്കുവാനാഗ്രഹിക്കുന്നു.

**സങ്കീർത്തനം 22 (നല്ല ഇടയൻ)**

ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്ന നല്ല ഇടയനായ കർത്താവിന്റെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും ഏറ്റവും നല്ല ചിത്രീകരണമാണ് ഈ സങ്കീർത്തനം. "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" എന്ന് ക്രൂശിൽ കിടന്നു കൊണ്ട് പിതാവിനോടു ചോദിക്കുന്ന

▶▶ ശേഷം 4-ാം പേജിൽ

എഡിറ്റോറിയൽ — പേജ് 2
ഫിലേമോൻ ലേഖന പഠനം — പേജ് 3
യുവലോകം — പേജ് 4
മഹത്വത്തിൽ — പേജ് 5
ചിന്ത — പേജ് 6

**SUVISESHADHWANI**
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2024 ഏപ്രിൽ 06/ പുസ്തകം 42 ലക്കം 15

എഡിറ്റോറിയൽ

# ലോകസ്നേഹവും ദൈവേഷ്ടവും

"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു".

വിശ്വാസികളിൽ ലോകത്തോടുള്ള പറ്റുമാനം വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ വിശുദ്ധ യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ ഈ വരികൾക്ക് വളരെ പ്രസക്തിയുണ്ട്. ദൈവേഷ്ടം അറിയുകയോ കർത്താവിനോട് ചേരുകയോ ചെയ്യുന്നതിനുമപ്പുറം ലോകത്തോടു അനുരൂപപ്പെടുവാൻ വെമ്പൽ കൊള്ളുന്ന ആധുനിക വിശ്വാസി സമൂഹത്തിന് സ്നേഹ സാന്ത്വനത്തോടെയുള്ള ഒരു മുന്നറിയിപ്പാണ് ഈ വചനം. പുരാതനനായ ദൈവത്തിന്റെ ഇഷ്ടം ആരായുന്നതിനെക്കാൾ ആധുനിക ഉദ്ബോധനവും നൂതന ലോകത്തിന്റെ ഉപദേശങ്ങളുമാണ് പലർക്കും ഏറെ താല്പര്യം.

ഇന്ന് ഭൂരിഭാഗം യുവാക്കളും അതിന്റെ പുറകേയാണ്; അതിനെ മറികടക്കുവാൻ ഇന്നത്തെ ഉപദേഷ്ടാക്കന്മാർക്ക് കഴിയുന്നുമില്ല, അതല്ലെങ്കിൽ ആത്മീയ ഉപദേഷ്ടാക്കന്മാരെക്കാൾ ലോകത്തിന്റെ നൂതന ആശയങ്ങളിലേക്കും പ്രലോഭനങ്ങളിലേക്കുമാണ് അവർ ശ്രദ്ധിക്കുന്നത്. ഇതിന്റെ അപകടം ഇന്ന് നമ്മുടെ സഭകളിൽ വ്യക്തമായി കണ്ടുതുടങ്ങിയിരിക്കുന്നു. പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നുള്ളതിനെ തിരിച്ചറിഞ്ഞ് നിഷ്കരുണം ത്യജിക്കുന്നവരെക്കൊണ്ടു മാത്രമേ ദൈവത്തിന് എന്തെങ്കിലും ചെയ്യാനാവൂ.

ദൈവപുരുഷനായ മോശെയെ ശ്രദ്ധിക്കുക. നാല്പതു വയസ്സുള്ള യൗവനക്കാരനായ മോശെയുടെ ചിന്താഗതി ലോകത്തോട് ചേർന്നുപോകുന്നതായിരുന്നില്ല. താൻ ത്യജിച്ച മൂന്നു കാര്യങ്ങളും ലോകത്തിന് വലിയ വിലയുള്ളവയായിരുന്നു (എബ്രാ. 11:24-26). പാപത്തിന്റെ തല്ക്കാല ഭോഗവും ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതും മിസ്രയീമിലെ അനവധിയായ നിക്ഷേപങ്ങളും മോശെ നിരസിച്ചു. അവ കണ്മോഹവും ജഡമോഹവും ജീവനത്തിന്റെ പ്രതാപവുമായിരുന്നു. അവയൊന്നും പിതാവിൽ നിന്നുള്ളവയല്ല എന്നു താൻ മനസ്സിലാക്കിയപ്പോൾ നിസംശയം അവ ത്യജിച്ചു കളഞ്ഞു. മാത്രമല്ല, ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നതും ഉന്നതമായ നിത്യപ്രതിഫലവും വലിയ ധനമായ ക്രിസ്തുവിന്റെ നിന്ദയും സ്വന്തം ജീവിതത്തിലേക്ക് ഏറ്റെടുക്കുവാൻ തയ്യാറാവുകയും ചെയ്തു.

> **ലോകത്തോട് ചേർന്നു പോകുവാൻ ആഗ്രഹിക്കുകയും ലോകത്തിന്റെ പ്രലോഭിപ്പിക്കുന്ന ആശയങ്ങളോട് വിധേയപ്പെടുകയും ചെയ്യുന്നവരെക്കൊണ്ട് ദൈവത്തിന് ഒന്നും പ്രത്യേകിച്ച് ചെയ്യാനാവുകയില്ല. മോശെ ദൈവദാസനായി, ദൈവപുരുഷനായി പ്രയോജനപ്പെടുന്നത് ദൈവാലോചനയ്ക്ക് വിധേയപ്പെട്ടതുകൊണ്ടാണ്.**

ഇത് എല്ലാവർക്കും കഴിയുന്നതല്ല, ഏറ്റവും ഉന്നതമായ ക്രിസ്തീയ ദർശനമുള്ളവക്ക് മാത്രമേ ഇതു കഴിയൂ. അങ്ങനെയുള്ളവരെക്കൊണ്ടു മാത്രമേ ദൈവത്തിന് എന്തെങ്കിലും ചെയ്യുവാൻ കഴിയൂ. ലോകത്തോട് ചേർന്നു പോകുവാൻ ആഗ്രഹിക്കുകയും ലോകത്തിന്റെ പ്രലോഭിപ്പിക്കുന്ന ആശയങ്ങളോട് വിധേയപ്പെടുകയും ചെയ്യുന്നവരെക്കൊണ്ട് ദൈവത്തിന് ഒന്നും പ്രത്യേകിച്ച് ചെയ്യാനാവുകയില്ല. മോശെ ദൈവദാസനായി, ദൈവപുരുഷനായി പ്രയോജനപ്പെടുന്നത് ദൈവാലോചനയ്ക്ക് വിധേയപ്പെട്ടതുകൊണ്ടാണ്. ലോകം വളരെ വിലയുള്ളതായി കണ്ടിരുന്നവ ഭയപ്പെടാതെ നിഷ്കരുണം വലിച്ചെറിയുകയും ദൈവമുമ്പാകെ വിലയേറിയത് എന്തെന്ന് തിരിച്ചറിയുകയും ചെയ്തു. മറ്റൊരു വാക്കിൽ, മിസ്രയീമും കനാനും തമ്മിലുള്ള അന്തരം അളന്നു കുറിച്ചു. ഈ ലോകവും വരുവാനുള്ള ലോകവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കി. യഥാർത്ഥമായി മൂല്യമുള്ളത് എന്തെന്ന് ഗ്രഹിച്ചു. ലോകം അമൂല്യമായി കാണുന്നതിന്റെ വഞ്ചനയും മലിനതയും മനസ്സിലാക്കി, ദൈവേഷ്ടത്തിനു മാത്രമേ എന്നേക്കും നിലനില്ക്കാനാവൂ എന്നു ഉറച്ചു. ലോകത്തിൽ നിന്നുള്ളതെല്ലാം - പാപത്തിന്റെ തല്ക്കാല ഭോഗവും ഫറവോന്റെ പുത്രിയുടെ മകൻ എന്ന വിളിപ്പേരും മിസ്രയീമിലെ നിക്ഷേപവും - പുറകിലേക്ക് ലോകത്തിന് എറിഞ്ഞു കൊടുത്തിട്ട് വിശ്വാസത്താൽ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനില്ക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടു. ലോകമേ ഇതെല്ലാം നീ എടുത്തോളൂ; ക്രിസ്തുവിന്റെ നിന്ദ എനിക്ക് തന്നേക്ക്!

ആണും പെണ്ണും വ്യത്യാസമില്ലാതെ ഇന്ന് വിശ്വാസലോകത്തിന് സംഭവിക്കുന്നതെന്താണെന്നു മനസ്സിലാക്കുവാൻ വലിയ പ്രയാസമൊന്നുമില്ല. ഇന്ന് അനേകരും ലോകത്തിനു പിന്നാലെ ഓടി തളർന്നു വീഴുകയാണ്. അവസാനം അവർക്ക് ആറടി മണ്ണിൽ തൃപ്തിപ്പെടേണ്ടി വരുന്നു - ലിയോ ടോൾസ്റ്റോയിയുടെ കഥയിലെ പ്രസിദ്ധനായ യൗവനക്കാരനെപ്പോലെ.

പ്രിയരേ, വഞ്ചിതരാകരുത്. ലോകത്തിൽ നിന്നുള്ളത് ഏതെന്നും പിതാവിൽ നിന്നുള്ളത് എന്തെന്നും തിരിച്ചറിയാനുള്ള വിവേചന വരമെങ്കിലും ലഭിക്കേണ്ടതിന് പ്രാർത്ഥിക്കുക. സ്വന്തബുദ്ധിക്ക് ഏല്പിക്കരുതേ എന്നു നിരന്തരം പ്രാർത്ഥിക്കുക. ഒരുപക്ഷേ ദൈവം കരുണ കാണിക്കുമായിരിക്കും. ●

**സാമുവൽ തോമസ്**




**വേദി : സത്യവേദ സെമിനാരി മരത്തകിടി**

**പ്രധാന ശുശ്രൂഷകർ :**

**സഹോദരന്മാരായ ബിനു സാമുവേൽ, തോംസൺ ബി. തോമസ്, ബോബി തോമസ്, ജി. ധർമ്മരാജ്, ബിനു ജോസ്, റ്റി. പി. കനകരാജ്, ജോൺ ഏബ്രഹാം തുടങ്ങിയവർ.**

**മാതാപിതാക്കൾ കുഞ്ഞുങ്ങളെ പ്രാർത്ഥനാ പൂർവം ക്യാമ്പിന് അയക്കണമേ.**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**
**Bro. Vijayadas Alexander**
**Centre Secratary**
**Tel. 9446750084**

## സോദരി സമാജം – കൊട്ടാരക്കര സെന്റർ

ദൈവഹിമായാൽ കൊട്ടാരക്കര സെന്റർ സോദരീസമാജത്തിന്റെ അടുത്ത സമ്മേളനം 2024 ഏപ്രിൽ 13ന് (രണ്ടാം ശനിയാഴ്ച) രാവിലെ 10 മണിക്ക് ചാത്തന്നൂർ ബ്രദറൻ സഭാ ഹാളിൽ വെച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു എല്ലാ പ്രിയപ്പെട്ടവരും തക്കസമയത്ത് കടന്നുവരണമെന്ന് താല്പര്യപ്പെടുന്നു.

**ബൈബിൾ ക്വിസ് – ഇയ്യോബ് 8 മുതൽ 16 വരെയുള്ള അധ്യായങ്ങൾ**

സെക്രട്ടറി ലാലി മാത്യു, (9447232782)

## ധ്വനി ബൈബിൾ ക്വിസ് – 49
## സഭാപ്രസംഗി

1. സ്വപ്നം ജനിക്കുന്നതെങ്ങനെ?
2. എന്തിനെയാണ് മുടിങ്കോലിനോടും, തറച്ചിരിക്കുന്ന ആണിയോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
3. അസൂയയിൽ നിന്ന് ഉളവാകുന്നത് എന്ത്?
4. "ഭോഷനും എനിക്കും ഗതി ഒന്നുതന്നെ" ആര് ആരോട് പറഞ്ഞു?
5. 'മായ' എന്ന വാക്ക് എത്ര പ്രാവശ്യം ഈ പുസ്തകത്തിൽ ആവർത്തിക്കുന്നു?
6. കാലത്തെയും, ജ്ഞാനത്തെയും വിവേചിക്കുന്നതാര്?
7. തലയിൽ കണ്ണുള്ളതാർക്ക്?
8. എന്തെല്ലാമാണ് സഭാപ്രസംഗി ജനത്തിനുവേണ്ടി ചെയ്തത്?
9. മരണത്തെക്കാൾ കയ്പായിരിക്കുന്നത് എന്ത്?
10. സഭാപ്രസംഗി ന്യായക്കേടും, നീതികേടും കണ്ടതെവിടെ?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 25**

**വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,**
**റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501**
**ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875**

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സാം സഖറിയ |
| അസോ. എഡിറ്റർ | : | സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : | ജോയികുമാർ വി.കെ. |
| സർക്കുലേഷൻ മാനേജർ | : | സ്പർജൻ കെ.ജെ. |
| വാർഷിക വരിസംഖ്യ | | |
| ഇന്ത്യയിൽ | : | ₹ 200/- |
| വിദേശങ്ങളിൽ | : | ₹ 3000/- |

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു." (സദൃ. 1:7)

# സബറിയ

**എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ**
**ജനസംഖ്യ : 1,00,000**



സബറിയ എന്ന വാക്കിന്റെ അർത്ഥം മൺവെട്ടികൊണ്ട് പണി ചെയ്യുന്നവർ എന്നാണ്. ഹിന്ദിയിൽ സബാൾ എന്നറിയപ്പെടുന്നു. ഇവർ അനേക തലമുറകൾക്കു മുമ്പ് ആന്ധ്രാപ്രദേശിലെ ചിലസ്ഥലങ്ങളിൽ നിന്നും ഛത്തീസ്ഗഢിലേക്കു കൂടിയേറിയവരും തെലുങ്കിന് സമാനമായ ഭാഷ സംസാരിക്കുന്നവരുമാണ്. ഛത്തീസ്ഗഢിലെ ജാംഗീർ–ചാപ്പ ജില്ലയിൽ താമസിക്കുന്ന ഏകദേശം ഒരുലക്ഷം വരുന്ന ജനവിഭാഗമാണിത്. സബറിയ ജനതയുടെ ജിവിതനിലവാരം വളരെ മോശമാണ്. ജനങ്ങൾ മദ്യത്തിനും മറ്റ് ലഹരിക്കും അടിമകളാണ്. ഛത്തീസ്ഗഢിലെ അംഗീകൃത ഗോത്രവിഭാഗമല്ല എന്നതാണ് ഈ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളി. അതിനാൽ തന്നെ അവർക്കു സംസ്ഥാനത്ത് പ്രത്യേക അവകാശങ്ങൾ ഒന്നും ലഭിക്കുന്നില്ല. അടുത്തിടെ ഒരു പരിഭാഷാ ടീം ഈ പ്രദേശത്ത് സ്ഥിരതാമസമാക്കി, അവർ ഈ ഭാഷസമൂഹത്തോടൊപ്പം ജീവിക്കുന്നതിന് അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തുന്നതിനായി പരിശ്രമിക്കുന്നു. സബറിയക്കാർ പുറത്തുനിന്നുള്ളവരോട് നല്ല രീതിയിൽ പെരുമാറുന്നുണ്ടെങ്കിലും അപരിചിതർ അവരുടെ ഇടയിൽ താമസിക്കുവാൻ അനുവദിക്കുന്നതിൽ അവർ എപ്പോഴും വിമുഖത കാണിക്കുന്നു.

**പ്രാർത്ഥനയ്ക്ക്**

- ✧ **പരിഭാഷാ ടീമിന് സബറിയ സമൂഹത്തിൽ സ്വീകാര്യത ലഭിക്കുന്നതിന്.**
- ✧ **ഈ ജനവിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങളുടെ മാറ്റങ്ങൾക്കായി**
- ✧ **സബറിയ കമ്യൂണിറ്റിയിൽ പ്രവർത്തിക്കുന്നതിന് സഭാപ്രസ്ഥാനങ്ങൾ മുന്നോട്ടുവരുന്നതിനായി.**

**സമ്പാദനം : ഇ.ജെ.പി.**

## ബ്രദറൺ എക്കോ/ മറ്റ് പ്രസിദ്ധീകരണങ്ങൾ

1. കെ. ഡാനിയേൽ വില്യംസ് -ജീവിതം സുവിശേഷത്തിനായി
2. വിശ്വാസജീവിതപ്പടകിൽ - ജോർജ് പീറ്റർ ചിറ്റൂരിന്റെ ആത്മകഥ (രണ്ടാം പതിപ്പ്)
3. ഉണർവ് - എം.ജെ.പത്രോസ് ക്രാരിയേലിയുടെ ആത്മകഥ
4. ഏബെൻ - ഏസെർ - യോഹന്നാൻ ഏബ്രഹാം തിരുവനന്തപുരത്തിന്റെ ആത്മകഥ
5. ബാങ്കുദ്യോഗസ്ഥനായ കാര്യവിചാരകൻ - റ്റി. എം. ജോൺ കുമ്പനാടിന്റെ ജീവചരിത്രം
6. യേശുവിന്റെ പള്ളിക്കൂടത്തിൽ - ജെ.സി. ദേവ് നെടുങ്ങാടപ്പള്ളിയുടെ ആത്മകഥ
7. ജീവിതയാത്ര - റ്റി. എം. ജോർജ് സുൽത്താൻ ബത്തേരിയുടെ ആത്മകഥ
8. മഹാരാസൻ വേദമാണിക്യം - വേദമാണിക്യം, വില്യം ടോംബിയാസ് റിങ്കിൾ, ക്ളോഡിയസ് ബുക്കാനൻ എന്നിവരുടെ ജിവചരിത്രം
9. ഒന്നാം നൂറ്റാണ്ടിലെ പ്രാദേശിക സഭകൾ - പുതിയനിയമത്തിലെ സഭകളെക്കുറിച്ചുള്ള ചരിത്രപരമായ വിശദീകരണം
10. കാൽപ്പാടുകൾ - സഹോദരന്മാരായ ആർ. കൃഷ്ണൻകുട്ടി തിരുവട്ടാർ, പി.പി. ജോർജ് അങ്കമാലി, പി.പി. സ്കറിയാ കോഴിക്കോട്, കെ. വി. ജോൺ പത്തനാപുരം, കെ. എം. ജോൺ ഫ്ലോറിഡ എന്നിവരെപ്പറ്റിയുള്ള ഓർമ്മക്കുറിപ്പുകൾ
11. കേരള നവോത്ഥാന ചരിത്രത്തിൽ ബ്രദറൻ മിഷനറിമാരുടെ പങ്ക് - മിഷനറി അലക്സ് സൂറ്ററിന്റെ ജീവിത പഠനം
12. ഭക്തസ്മൃതി - പാസ്റ്റർ ഭക്തവത്സലത്തെപറ്റിയുള്ള അനുസ്മരണങ്ങൾ

ഈ ഗ്രന്ഥങ്ങൾ ആവശ്യമുള്ളവർ, ലഭ്യത/വിലവിവരം തുടങ്ങിയ വിവരങ്ങൾക്ക് ബന്ധപ്പെടുക.....

Lijo Varghese Palamattam, Brethren Echo, Post Box - 2
Angamaly - 683 572, Phone : 9846845856

# 30 ഫിലേമോൻ ലേഖന പഠനം

# പ്രാർത്ഥിക്കുക, വീണ്ടും പ്രാർത്ഥിക്കുക

**സാംസൺ ഹെൻറി, കൊല്ലം**

**ദൈവത്തിന്റെ സർവ്വശക്തിയും സകല പ്രവൃത്തികളും ദൈവമക്കളാകുന്ന നമ്മിൽ വെളിവാകുന്നത് നമ്മുടെ പ്രാർത്ഥനയിലൂടെയാണ്. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ. 5:16) എന്നും "ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചുവരുമ്പോൾ സഭ ശ്രദ്ധയോടെ അവന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചുപോന്നു" (അപ്പൊ. 12:5)**

**ഫിലേ. 22** ഇതല്ലാതെ നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു എനിക്കു പാർപ്പിടം ഒരുക്കിക്കൊൾക (But, meanwhile, also prepare a guest room for me, for I trust that through your prayers I shall be granted to you).

ഒനേസിമൊസിന്റെ തെറ്റുകൾ ക്ഷമിച്ചു അവനെ ചേർത്തുകൊള്ളാൻ ഫിലേമോനോടു അപേക്ഷിച്ചശേഷം ലേഖനം അവസാനിപ്പിക്കുന്നു. വാക്യങ്ങൾ 22 മുതൽ 25 വരെയുള്ളത് ലേഖനത്തിന്റെ സമാപനവാക്കുകളാണ്. പൗലൊസിന്റെ പ്രത്യാശയും ആവശ്യവുമാണ് 22 -ൽ അടങ്ങിയിരിക്കുന്നത്.

(1) ഫിലേമോന്റെയും കൊലൊസ്യസഭയുടെയും പ്രാർത്ഥനയാൽ അവർക്കു പൗലൊസിനെ നല്കപ്പെടുമെന്നുള്ള പ്രത്യാശ.

(2) തടവിൽ നിന്നു മോചിതനാകുമ്പോൾ അവരോടൊപ്പം താമസിക്കുവാൻ ഒരു പാർപ്പിടം ഒരുക്കുക എന്ന അപേക്ഷ.

ഇതല്ലാതെ നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു (ഫിലേ.22) (for I trust that through your prayers I shall be granted to you).

ഒനേസിമൊസിനുവേണ്ടി ഫിലേമോനോടു അപേക്ഷിച്ചശേഷം തന്റെ വ്യക്തിപരമായ കാര്യത്തിലേക്കു തിരിയുന്നു. തന്റെ റോമിലെ കാരാഗൃഹവാസത്തിനുശേഷം ഫിലേമോനും, അപ്പിയെയും, അർക്കിപ്പൊസും മറ്റു സഹവിശ്വാസികളുമടങ്ങിയ കൊലൊസ്യയിലെ വീട്ടിലെ സഭയിൽ എത്തിച്ചേരുവാൻ താൻ ആഗ്രഹിക്കുന്നുവെന്നു അവരോടു അറിയിക്കുന്നു. തന്റെ റോമിലെ വീട്ടുതടങ്കൽ ഏകദേശം അവസാനിക്കുവാൻ പോകുന്നു എന്നു പൗലൊസ് കരുതുന്നു.

താൻ റോമിൽ വീട്ടുതടങ്കലിൽ ആയിരുന്നപ്പോൾ രണ്ടുവർഷം കൂലിക്കു അഥവാ വാടകക്കെടുത്ത വീട്ടിലായിരുന്നു കഴിഞ്ഞതെന്നും അവിടെ തടവിലായിരുന്നപ്പോഴും സുവിശേഷം അറിയിച്ചതും അപ്പൊസ്തല പ്രവൃത്തികളിൽ കാണുന്നു. "അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു പൂർണ്ണപ്രാഗത്ഭ്യത്തോടെ വിഘ്നംകൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു" (അപ്പൊ. 28:29,30).

റോമിലെ ഒന്നാം പ്രാവശ്യത്തെ രണ്ടു വർഷത്തെ കാരഗൃഹവാസക്കാലത്ത് എഴുതിയ നാലു ലേഖനങ്ങളിലൊന്നാണ് ഫിലേമോന്റെ ലേഖനം. രണ്ടു വർഷം വീട്ടുതടങ്കലിൽ ആയിരുന്നിട്ടും യെഹൂദാമതനേതാക്കൾ റോമിൽ അധികാരികളുടെ മുമ്പിൽ തനിക്കെതിരെ ആരോപണവുമായി വാദിക്കുവാൻ വരാതിരുന്നതിനാൽ തന്റെ മോചനം ആസന്നമായിരിക്കുന്നുവെന്നു പൗലൊസു കരുതുന്നു. രണ്ടു വർഷത്തിൽ കൂടുതൽ വിചാരണകൂടാതെ ആരെയും തടവിൽ പാർപ്പിക്കുവാൻ പാടില്ലെന്ന റോമൻ നിയമം പൗലൊസിനു അറിയാമായിരുന്നു. അതുകൊണ്ടു തന്റെ കാരഗൃഹവാസം കഴിയാൻ പോകുന്നുവെന്നും തന്റെ ആത്മമിത്രങ്ങളെ കാണുവാൻ സാധിക്കുമെന്നും പൗലൊസു ആശിക്കുന്നു. ഫിലിപ്പിയലേഖനത്തിൽ സഭാവിശ്വാസികളുടെ മനം തണുക്കേണ്ടതിന്നു തിമൊഥെയോസിനെ അയക്കുന്ന വേളയിലും (ഫിലി.2:19) തന്റെ കാരാഗൃഹവാസം കഴിയുവാൻ പോകുന്നുവെന്നും താൻ അവരെ വേഗത്തിൽ കാണുമെന്നും കർത്താവിൽ പ്രത്യാശിക്കുന്നു. "ആകയാൽ എന്റെ കാര്യം എങ്ങനെ ആകും എന്നു അറിഞ്ഞ ഉടനെ ഞാൻ അവനെ അയപ്പാൻ ആശിക്കുന്നു. ഞാനും വേഗം വരും എന്നു കർത്താവിൽ ആശ്രയിച്ചിരിക്കുന്നു" (ഫിലി.2:23,24).

ദൈവത്തിന്റെ സർവ്വശക്തിയും സകല പ്രവൃത്തികളും ദൈവമക്കളാകുന്ന നമ്മിൽ വെളിവാകുന്നത് നമ്മുടെ പ്രാർത്ഥനയിലൂടെയാണ്. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ. 5:16) എന്നും "ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചുവരുമ്പോൾ സഭ ശ്രദ്ധയോടെ അവന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചുപോന്നു" (അപ്പൊ. 12:5) എന്നും രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗങ്ങൾ പ്രാർത്ഥനയുടെ ശക്തിയെ വെളിപ്പെടുത്തുന്നു. സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്ന വേളയിൽ അദ്ദേഹം തന്റെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു (അപ്പൊ. 7:59,60). സ്തെഫാനൊസിനെ കൊല്ലുവാനും വിശ്വാസികളെ നശിപ്പിക്കുവാനും അധികാരപത്രവുമായി ഇറങ്ങിത്തിരിച്ച ശൗലിനെ കർത്താവിന്റെ പോരാളിയായ പൗലൊസാക്കി മാറ്റിമറിക്കുവാൻ സ്തെഫാനോസിന്റെ പ്രാർത്ഥനെക്കു കഴിഞ്ഞു എന്നു കരുതാം. ദമസ്ക്കൊസിൽ വെച്ചു കർത്താവിനാൽ പിടിക്കപ്പെട്ട ശൗൽ നേർവ്വീഥി എന്ന തെരുവിൽ യൂദായുടെ വീട്ടിൽ പ്രാർത്ഥിക്കുന്നു എന്നു പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നു (അപ്പൊ. 9:11). ദൈവത്തോടുള്ള തന്റെ ആദ്യ പ്രാർത്ഥന മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ദൈവത്തിന്റെ സർവ്വശക്തിയെ മനസ്സിലാക്കിയ പ്രാർത്ഥനയുമായിരുന്നുവെങ്കിൽ തുടർന്നു സുവിശേഷകനായ പൗലൊസ് ജീവകാലം മുഴുവനും തന്റെ ശത്രുക്കൾക്കും, സകല വിശ്വാസികൾക്കും, സഭകൾക്കും, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

പൗലൊസിനെയും ശീലാസിനെയും കർത്താവിന്റെ നാമത്തിൽ സംസാരിച്ചതിനാൽ കോൽ കൊണ്ടു അടിപ്പിച്ചു കാരാഗൃഹത്തിൽ അടച്ചു കാൽ ആമത്തിൽ ഇട്ടു പൂട്ടി. ദേഹമാസകലം അടികൊണ്ടു വേദനിക്കുമ്പോഴും, മുറിവുകളിലൂടെ രക്തം ഒഴുകുന്ന സന്ദർഭത്തിലും പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു. ഭൂമി കുലുങ്ങുവാനും കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകുവാനും അവരുടെ പ്രാർത്ഥന ഇടയാക്കി (അപ്പൊ. 16:25). നമ്മുടെ എല്ലാ ചിന്താകുലവും ദൈവസന്നിധിയിൽ ഇട്ടുകൊണ്ടു പ്രാർത്ഥിക്കുവാൻ ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു. 1 പത്രൊ. 5:7 "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടു കൊൾവിൻ". നമ്മുടെ വിശ്വാസ ജീവിതത്തിൽ ഇനി വിചാരപ്പെടേണ്ട കാര്യമില്ല. എല്ലാം സ്തോത്രത്തോടുകൂടെ അറിയിക്കുവാൻ പറഞ്ഞിരിക്കുന്നു. ഫിലി. 4:6,7 "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും".

വിശ്വാസികൾ തമ്മിൽതമ്മിൽ ആശ്വസിപ്പിക്കുകയും, മനം തണുപ്പിക്കുകയും, സ്നേഹിക്കുകയും, കരുതുകയും മാത്രമല്ല എപ്പോഴും ദൈവസന്നിധിയിൽ സഹോദരവർഗ്ഗത്തിനായി പ്രാർത്ഥിക്കയും വേണം. സാത്താന്റെ അധീനതയിലുള്ള ലോകത്തിൽ വിശ്വാസികൾക്കു സമാധാനമായി ജീവിക്കുവാൻ ഏറെ പ്രയാസമാണ്. ഇടവിടാതെ പ്രാർത്ഥിപ്പാനും മടുത്തുപോകാതെ പ്രാർത്ഥിപ്പാനും ദൈവവചനം പ്രബോധിപ്പിക്കുന്നു. കഷ്ടങ്ങളിലൂടെ കടന്നുപോകുന്നവരുടെ ആശ്വാസത്തിനും വിടുതലിനുമായി പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും വേണം. കർത്താവിന്റെ ശുശ്രൂഷയിലായിരിക്കുന്നവർ തങ്ങളുടെ വിചാരണയിലുള്ള ദൈവജനത്തിനായി സദാ ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം. അതുപോലെ വിശ്വാസികളും തങ്ങളെ നടത്തുന്നവരെയും, ഇടയന്മാരെയും, സുവിശേഷകന്മാരെയും, ദൈവികശുശ്രൂഷയിൽ അദ്ധ്വാനിക്കുന്നവരെയും ഓർത്തു ദൈവസന്നിധിയിൽ എപ്പോഴും ജാഗരിക്കണം.

പൗലൊസ് ഒരു പ്രാർത്ഥനാ മനുഷ്യൻ ആയിരുന്നു. "നിങ്ങളുടെ പ്രാർത്ഥനായൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും" (ഫിലേ.22) എന്ന പ്രത്യാശയിൽ നിങ്ങൾ എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നത് സഭാവിശ്വാസികളെല്ലാവരെയും ഉദ്ദേശിച്ചാണ്. അതായത് പൗലൊസിന്റെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ, സഹോദരി അപ്പിയ, സഹഭടനായ അർക്കിപ്പൊസ് തുടങ്ങിയവർ ഉൾപ്പെട്ട വീട്ടിലെ സകലവിശ്വാസികളും എന്നാണ്. അവരെല്ലാവരും വളരെ ശ്രദ്ധയോടെ പൗലൊസിന്റെ റോമിലെ തടവറയിൽ നിന്നുള്ള വിടുതലിനും, അതിനുശേഷം റോമിൽ നിന്നു കൊലൊസ്യയിലെത്തി തമ്മിൽ കാണണമെന്നും ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നവരാണെന്നു പൗലൊസിനു നിശ്ചയമുണ്ട്. അതുകൊണ്ടാണ് "നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു" (ഫിലേ.22) എന്നു പൗലൊസ് അവരെ അറിയിക്കുന്നത്. ●

# ന്യായവിധിയിൽ നിന്നും ഓടി രക്ഷപ്പെടുക

സി.എച്ച്. സ്പർജൻ

'ദൂതന്മാർ അവരെ പുറത്തുകൊണ്ടുവന്നശേഷം അവൻ; ജീവരക്ഷക്കായി ഓടിപ്പോക' (ഉല്പ. 19:17).

ദൈവത്തിന് ദൂതുവാഹികൾ ഉണ്ട്. അവർ പറയുന്നത് മൂർച്ചയുള്ളതും, ശക്തമായതും, വേഗത്തിലും ആയിരിക്കും. ലോത്തിനോട് പറഞ്ഞത് "ജീവരക്ഷയ്ക്കായി ഓടുക" എന്നാണ്. ഈ വാക്കുകൾ ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിൽ നിന്നും വന്നിട്ടുള്ളതാണ്. സോദോം ഗോമോറയ്ക്കു വരുവാൻ പോകുന്ന വലിയ ന്യായവിധിയിൽ നിന്നും ലോത്തിനേയും കുടുംബത്തേയും ദൈവം വിടുവിച്ചു. കാരണം ദൈവം ലോത്തിനെ അത്രയ്ക്കും സ്നേഹിച്ചു. വളരെ ഗൗരവത്തോടെയാണ് ലോത്തിനെ ഈ വിവരം അറിയിച്ചത്. ദൈവദൂതന്മാരുടെ സംഭാഷണത്തിൽ ദൈവസ്നേഹം പൂർണ്ണമായും അടങ്ങിയിരുന്നു. മാത്രമല്ല ഒരു അടിയന്തിര സന്ദേശമായിരുന്നു. കേൾക്കുന്ന ആൾ ഉടൻതന്നെ പ്രതികരിക്കേണ്ടിയിരുന്നു.

ലോത്ത് നാശകരമായ പട്ടണം വിട്ട് ഓടിപ്പോകണം. സ്വർഗ്ഗത്തിൽ നിന്നും വർഷിക്കുന്ന തീയിൽ നിന്നും രക്ഷപ്പെടുവാൻ ചില ഉപാധികൾ ഉണ്ടാക്കണമെന്നല്ല പിന്നെയോ സോദോം വിട്ട് ഓടിപ്പോകണം. ലോത്ത് താമസിച്ച സോദോം എല്ലാ മ്ലേച്ഛതകളും നിറഞ്ഞ, യാതൊരു സുരക്ഷിതത്വവുമില്ലാത്ത പട്ടണം. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ന്യായവിധി സുനിശ്ചിതമാണ്. പാപം ക്ഷമിക്കപ്പെടാത്ത ഒരാളിന്റെ ജീവിതം അപകടകരമായ അനുഭവത്തിലാണ്. കർത്താവിന്റെ ക്രൂശിൽ ചൊരിഞ്ഞ വിലയേറിയ രക്തത്തിൽ ആശ്രയിച്ചില്ലെങ്കിൽ പാപങ്ങളിൽ മരിക്കും. പാപത്തിൽ നിന്നും, ന്യായവിധിയിൽ നിന്നും ഓടി രക്ഷപ്പെടണം. സോദോമിൽ തന്നെ മറ്റൊരു സ്ഥലത്തേക്ക് മാറി താമസിച്ചാൽ പോരാ, ദൈവകൽപ്പന ഇതാണ്. സോദോം വിട്ട് ഓടണം എന്നാണ്. വലിയവനായ ദൈവം ജീവിക്കുന്നു. ഒരുദിവസം എല്ലാവരും ദൈവത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരും. അവിശ്വാസമെന്ന മൂടുപടം ഉരിഞ്ഞുകളഞ്ഞ് കാൽവറിയിലെ രക്തത്താലുള്ള വീണ്ടെടുപ്പിൽ പൂർണ്ണമായും വിശ്വസിച്ച് ആശ്രയിക്കണം. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും". ഇത് ദൈവത്തിന്റെ മാറ്റമില്ലാത്ത അരുളപ്പാടാണ്.

ഞാൻ ഉറക്കെപ്പറയുന്നു "മാനസാന്തരപ്പെടുക, സുവിശേഷത്തിൽ വിശ്വസിക്കുക". വിശ്വസിക്കുന്നില്ലെങ്കിൽ അങ്ങനെ തന്നെ നശിച്ചുപോകും.

സ്വയം നീതി ആരെയും രക്ഷിക്കുകയില്ല. "ഞാനൊരു വലിയ പാപിയല്ല" എന്നു ചിലർ പറയും. ശാപം നിറഞ്ഞ സോദോം വിട്ടു പോരികയാണെങ്കിൽ മാത്രമേ രക്ഷയുള്ളൂ. ലോത്തിനു സോദോമിൽ വച്ച് ലഭിച്ച സ്നേഹിതരെ വിട്ടു ഓടണം. അവരുമായി സജീവബന്ധമുണ്ടെങ്കിലും വിട്ടേ മതിയാകയുള്ളൂ. കാരണം അവർ ലോത്തിനെ ദൈവകൃപയിൽ നിന്നും അകറ്റിക്കളയുന്നവരാണ്.

ലോത്തിനു സോദോമിലുണ്ടായിരുന്ന എല്ലാ സൗകര്യങ്ങളും ഉപേക്ഷിച്ചേ മതിയാകയുള്ളൂ. യോർദ്ദാൻ നീരോട്ടമുള്ളതും, തനിക്കു സുഖമായി താസിക്കുവാൻ പറ്റിയ സ്ഥലമാണെന്നും ലോത്ത് വിചാരിച്ചു. തനിക്ക് ഒരു വലിയ വീടും, സൗകര്യങ്ങളും അവിടെ ഉണ്ടാക്കിക്കാണും. മനോഹരമായ വീടും, സമ്പത്തും, സൗകര്യങ്ങളും വിട്ട് ഓടുന്നത് സങ്കടമായതുകൊണ്ടാണ് ദൈവത്തിന്റെ കൽപ്പന ലംഘിച്ച് ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കിയതുകൊണ്ട് ഉപ്പു തൂണായിത്തീർന്നതും. കർത്താവിനെ അനുഗമിക്കുവാൻ തീരുമാനിച്ചാൽ സുഖസൗകര്യങ്ങളെല്ലാം ഒരു തടസ്സമായിത്തീരരുത്. "ധനവാനായി അഗ്നിനരകത്തിൽ കിടന്ന് വേദന അനുഭവിക്കുന്നതിനേക്കാളും, ദരിദ്രനായി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ് അത്യുത്തമം".

ലോത്ത് ദൈവദൂതന്മാരോട് ഒരു പ്രതിവാദവും പറയാതെ "ജീവരക്ഷയ്ക്കായി സോദോം വിട്ട് ഓടിയേ മതിയാകയുള്ളൂ". കടലിൽ മുങ്ങിച്ചാകുവാൻ പോകുന്ന ആളിനെ രക്ഷിക്കുവാൻ ചെല്ലുന്നവനെ ആപേക്ഷികാസിദ്ധാന്തം പഠിപ്പിക്കുവാൻ തുനിയാതെ രക്ഷപ്പെടുവാൻ ഇട്ടുകൊടുത്ത കയറിൽ പിടിച്ച് രക്ഷപ്പെടണം. ഇല്ലെങ്കിൽ മുങ്ങിച്ചാകും എന്നതിന് സംശയമില്ല. ദൂതന്മാർ പറഞ്ഞതുപോലെ രക്ഷപ്പെടുവാനായി തന്റെ കാലുകളും ശരീരവും തയ്യാറാകണം. സൂര്യൻ ഉദിച്ചു കഴിഞ്ഞാൽ സോദോമിലേക്ക് ദൈവത്തിന്റെ ന്യായവിധിയുടെ അഗ്നി അതിശക്തമായി പതിക്കും. ദൂതന്മാർ പറഞ്ഞ രക്ഷാമാർഗ്ഗം ഗൗരവമായിത്തന്നെ സ്വീകരിച്ചേ മതിയാകയുള്ളൂ. ദൈവത്തിന്റെ കൽപ്പന അനുസരിച്ച് യോന നിനവെ പട്ടണത്തിൽ ഉറക്കെ വിളിച്ചു പറഞ്ഞു "മാനസാന്തരപ്പെടുക, നാൽപ്പതു ദിവസം കഴിഞ്ഞ് ഈ പട്ടണം നശിപ്പിക്കും". നിനവേയിലുള്ളവരെല്ലാം മാനസാന്തരപ്പെട്ടു. കരുണ ന്യായവിധിയിൽ നിന്നും ആ പട്ടണത്തെ രക്ഷിച്ചു.

ഒരു മനുഷ്യനെ പരിചയപ്പെടുത്താം. ശരീരത്തിലെ രക്തം വാർന്നു, ക്ഷീണിച്ച് മരണത്തോടു സമീപിച്ചവനുമാണ്. അവന്റെ കൈകാലുകൾ ക്രൂശിനോടു ചേർത്ത് ആണിയടിച്ചിരിക്കുകയാണ്. തന്റെ അരികിലായി ശരീരം മുഴുവനും തകർന്ന്, ശിരസ്സിൽ മുൾമുടി അണിഞ്ഞ്, മൂന്ന് ആണികളിൽ തൂങ്ങിക്കിടന്ന് അതിവേദനപ്പെടുന്ന യേശുവിനെ നോക്കി. വളരെ മന്ദസ്വരത്തിൽ പറഞ്ഞു "യേശുവേ, നീ രാജത്വം പ്രാപിച്ചുവരു

ശേഷം 6-ാം പേജിൽ

# ഇടയസങ്കീർത്തനങ്ങൾ

1-ാം പേജ് തുടർച്ച

ചോദ്യത്തോടെയാണ് ഈ സങ്കീർത്തനം ആരംഭിക്കുന്നത്. ക്രൂശിലെ ഏഴു മൊഴികളിൽ ഒന്നായി കർത്താവു പറഞ്ഞ അതേ വാക്കുകൾ ദാവീദ് ഇവിടെ രേഖപ്പെടുത്തുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ കർത്താവിന്റെ ബഹുവിധമായ കഷ്ടപ്പാടുകളും നിന്ദയും പരിഹാസവും മരണവുമെല്ലാം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു "ഞാനോ മനുഷ്യനല്ല ഒരു കൃമിയത്രെ..." എന്ന് പറയത്തക്ക കർത്താവിന്റെ താഴ്ചയെക്കുറിച്ചു പറയുന്നു. എല്ലാവരാലും ചവിട്ടി മെതിക്കപ്പെടുന്ന ഒരു കൃമിയെപ്പോലെ താൻ ആയിത്തീർന്നു. കാളകൾ, കാട്ടുപോത്ത്, സിംഹം, നായ്ക്കൾ തുടങ്ങിയ ഘോരമൃഗങ്ങളുടെ നടുവിൽ അകപ്പെട്ടുപോയ ഒരു കുഞ്ഞാടിനെപ്പോലെ, മഹാപുരോഹിതന്മാരുടെയും ശാസ്ത്രിമാരുടെയും റോമൻ സൈന്യത്തിന്റെയും പുറജാതികളുടെയും യിസ്രായേൽ ജനത്തിന്റെയും ഘോരാട്ടഹാസങ്ങൾക്കും, ക്രൂരമർദ്ദനങ്ങൾക്കും വിധേയനായി കർത്താവു നിൽക്കുന്ന രംഗം ദാവീദ് വളരെ ഹൃദയ സ്പർശകമായി വിവരിക്കുന്നത് ഏതൊരുവന്റെയും കരളലിയിക്കുന്ന കാഴ്ചകളാണ്. "അവർ എന്റെ കൈകളെയും കാൽകളെയും തുളച്ചു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായി ചീട്ടിടുന്നു തുടങ്ങിയ വിവരണങ്ങളെല്ലാം കർത്താവിന്റെ ക്രൂശുമരണത്തിന്റെയും തുടർന്നുള്ള സംഭവങ്ങളുടെയും ദൃക്സാക്ഷി വിവരണംപോലെ എഴുതിയിരിക്കുന്നു. ഈ സങ്കീർത്തനം മുഴുവനും ആടുകൾക്കുവേണ്ടി സ്വന്തജീവനെ കൊടുക്കുന്ന നല്ല ഇടയനായ കർത്താവിനെ പ്രവചദൃഷ്ട്യാ കണ്ടുകൊണ്ടു ദാവീദ് രചിച്ചതാണ്. നല്ല ഇടയൻ ജീവൻ കൊടുത്തു വീണ്ടെടുത്ത ദൈവസഭയെക്കുറിച്ച് "ഒരു സന്തതി അവനെ സേവിക്കും" എന്ന മനോഹരമായ ദർശനത്തോടെയാണ് അവസാനിക്കുന്നത്.

ഈ നല്ലിടയൻ മരിച്ച് ഉയിർത്തെഴുന്നേറ്റ് വലിയ ഇടയനായി തുടരുന്നതാണ് 23-ാം സങ്കീർത്തനം.

**സങ്കീർത്തനം 23 (Great Shepherd)**

അതിമനോഹരമായ ഒരു സങ്കീർത്തനമാണ് ഇത്. ഇതിനെ സങ്കീർത്തനങ്ങളുടെ വാനമ്പാടി പക്ഷി (Lark) എന്ന് സ്പർജൻ വിളിക്കുന്നു. മറ്റു ചിലർ ഇതിനെ സങ്കീർത്തനങ്ങളുടെ രാപ്പാടിപ്പക്ഷി (Nightingale) എന്നു വിളിക്കുന്നു. ഇത് സങ്കീർത്തനങ്ങളുടെ റാണിയാണ് എന്നാണ് മിക്ക വേദപഠിതാക്കളും വിശേഷിപ്പിക്കുന്നത്. പ്രയാസങ്ങളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ ഈ സങ്കീർത്തനം വായിച്ച് ആശ്വാസം പ്രാപിച്ച അനേകരുടെ സാക്ഷ്യങ്ങൾ നാം കേട്ടിട്ടുണ്ട്. മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ കർത്താവ് തന്റെ ജനത്തെ ഈ മരുഭൂമിയാത്രയിൽ വഴി നടത്തുന്നതാണ് ഈ സങ്കീർത്തനത്തിൽ നാം കാണുന്നത്. ദാവീദ് പറയുന്നു "യഹോവ എന്റെ ഇടയനാകുന്നു". ഒരു ഇടയൻ ആടുകൾക്ക് ആവശ്യമായ ആഹാരവും ജലവും സംരക്ഷണവും നൽകി പരിപാലിക്കുന്നതുപോലെ കർത്താവു തന്റെ ജനത്തിന്റെ എല്ലാ ആവശ്യങ്ങളിലും മുട്ടുകൂടാതെ നടത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല എന്നു മാത്രമല്ല ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട് എന്നും കർത്താവ് അരുളിച്ചെയ്തു. അവിടുന്ന് നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവാണ്. ശിഷ്യനായ പത്രോസ് പറയുന്നു "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവീൻ (1 പത്രോ. 5:7). കർത്താവു തന്നെ പറയുന്നു "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ. 11:28). അവൻ പച്ചയായ പുൽപ്പുറങ്ങളിലേക്കും വെള്ളത്തിനരികിലേക്കും നടത്തുകയും പ്രാണനെ തണുപ്പിക്കയും ചെയ്യുന്നു. മരണനിഴലിൻ താഴ്വരയിലും അവൻ നമ്മോടുകൂടെയുള്ളതുകൊണ്ടും ഒരു അനർത്ഥവും ഭയപ്പെടുവാനില്ല. അവന്റെ വടിയും കോലും നമ്മെ ആശ്വസിപ്പിക്കുന്നു. ശത്രുക്കൾ കാൺകെ വിരുന്നൊരുക്കുകയും തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്യുന്നു. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും എന്ന് ആനന്ദത്തോടെ പറയുവാൻ തക്കവണ്ണം മഹത്വത്തിലേക്കു ചേർക്കുംവരെ വലിയ ഇടയനായ കർത്താവ് നമ്മെ വലകൈയ്ക്കു പിടിച്ചിരിക്കുന്നു. എല്ലാ ഇടയന്മാരെക്കാളും വലിയവനായ ഇടയനെയാണ് 23-ാം സങ്കീർത്തനത്തിൽ നാം കാണുന്നത്. ഈ മരുപ്രയാണത്തിൽ, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ വലിയ ഇടയനായ കർത്താവിന്റെ ശബ്ദം കേട്ട് അവന്റെ ആടുകളായ നമുക്ക് അവനെ അനുഗമിക്കുവാൻ കർത്താവു കൃപ നൽകട്ടെ.

**സങ്കീർത്തനം 24 (Chief Shepherd)**

കർത്താവിന്റെ മഹത്വപ്രത്യക്ഷത പ്രവചന ദൃഷ്ട്യാ കണ്ടുകൊണ്ട് ദാവീദ് എഴുതിയതാണ് ഈ സങ്കീർത്തനം. സെഖര്യാ പ്രവചനത്തിൽ നാം വായിക്കുന്നതുപോലെ മഹോപദ്രവകാലത്ത് പ്രത്യക്ഷപ്പെടുന്ന തുമ്പുകെട്ട ഇടയനായ അന്തി ക്രിസ്തുവിനെ തോല്പിച്ചും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞശേഷം ശ്രേഷ്ഠ ഇടയനായ കർത്താവ് ഭരണം ഏൽക്കുന്നത് വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വീണ്ടും വരുന്നവനായതുകൊണ്ടാണ് കർത്താവിന് ഇടയശ്രേഷ്ഠൻ എന്ന പദവി ലഭിക്കുന്നത്. 24-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നത് "വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ പണ്ടേയുള്ള കതകുകളെ ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവ് ആർ? സൈന്യങ്ങളുടെ യഹോവ തന്നെ; അവനാകുന്നു മഹത്വത്തിന്റെ രാജാവ് (സങ്കീ. 24:7-10). ഈ വാക്യം രണ്ടു പ്രാവശ്യം എടുത്തു പറഞ്ഞ് അർത്ഥശങ്കയില്ലാതെ ഉറപ്പിച്ചിരിക്കുകയാണ്. നമ്മുടെ കർത്താവ് മഹത്വത്തിന്റെ രാജാവായി വരും. അവന്റെ മഹത്വപ്രത്യക്ഷത ഒലിവുമലയിലായിരിക്കും (സെഖ. 14:4). തുടർന്ന് അവൻ രാജാധിരാജാവും കർത്താധികർത്താവുമായി ആയിരമാണ്ട് ഭൂമിയിൽ വാഴും. നാമും അവനോടുകൂടി വാഴുമെന്നുള്ള മനോഹരമായ പ്രത്യാശ തന്നിരിക്കയാൽ ദൈവത്തെ സ്തുതിക്കാം. മറ്റുള്ള ഇടയന്മാർക്കൊന്നും ഇല്ലാത്ത ശ്രേഷ്ഠത തന്റെ ഗുരുവായ ക്രിസ്തുവിൽ കണ്ടുകൊണ്ടും പത്രോസ് അവനെ ഇടയശ്രേഷ്ഠൻ എന്നു വിളിക്കുന്നു. ദാവീദും അതേ ശ്രേഷ്ഠത ദർശിച്ചുകൊണ്ടാണ് ഈ സങ്കീർത്തനം രചിച്ചിരിക്കുന്നത്. നമ്മെ ചേർക്കുവാൻ വീണ്ടും വരുന്ന കർത്താവിന് സകല സ്തുതിയും അർപ്പിക്കാം.

ഈ മൂന്നു സങ്കീർത്തനങ്ങളും കർത്താവിന്റെ മരണത്തോടും മഹത്വപ്രത്യക്ഷതയോടും ബന്ധപ്പെട്ട മലകളും ഇടയിലുള്ള താഴ്വരയുമായി സാമ്യപ്പെടുത്തി നമുക്കു പഠിക്കാവുന്നതാണ്. 22-ാം സങ്കീർത്തനം കർത്താവിനെ ക്രൂശിച്ച ഗോൽഗോഥാ മലയോടും 24-ാം സങ്കീർത്തനം കർത്താവ് മഹത്വത്തിന്റെ രാജാവായി പ്രത്യക്ഷപ്പെടുന്ന ഒലിവുമലയോടും 23-ാം സങ്കീർത്തനം ഈ രണ്ടു മലകൾക്ക് ഇടയിലുള്ള താഴ്വരയായും ചിത്രീകരിക്കാവുന്നതാണ്. ഗോൽഗോഥാ മലയിൽ ക്രൂശുമരണം സഹിച്ച നല്ല ഇടയനായ കർത്താവ് മദ്ധ്യാകാശത്ത് വെളിപ്പെട്ടു സഭയെ ചേർക്കുന്നതുവരെയുള്ള കാലഘട്ടം സഭാകാലയളവ് എന്നറിയപ്പെടുന്നു. ഈ കാലഘട്ടത്തിൽ 23-ാം സങ്കീർത്തനത്തിൽ കാണുന്ന വലിയ ഇടയനെപ്പോലെ കർത്താവ് സഭയെ വഴി നടത്തുകയും താമസംവിന കാന്തയായ സഭയുമൊരുമിച്ച് ശ്രേഷ്ഠ ഇടയനായി ഒലിവുമലയിൽ സകല മഹത്വത്തോടുംകൂടി പ്രത്യക്ഷനായി രാജാധിരാജാവും കർത്താധികർത്താവുമായി വാഴുകയും ചെയ്യും. ദൈവസഭയെ സംബന്ധിച്ചിടത്തോളം ഗോൽഗോഥാ മലയിൽ ക്രൂശുമരണം സഹിച്ച നല്ല ഇടയനായ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചശേഷം, ഉയിർത്തെഴുന്നേറ്റ വലിയ ഇടയനായ കർത്താവിനോടുകൂടി 23-ാം സങ്കീർത്തനമാകുന്ന താഴ്വരയിലൂടെ മരുപ്രയാണയാത്ര തുടരുകയും ശ്രേഷ്ഠ ഇടയനായ കർത്താവിനോടുകൂടി മഹത്വപ്രത്യക്ഷതയിൽ ഒലിവുമലയിൽ കാണപ്പെടുകയും ചെയ്യുന്ന മനോഹരമായ വിശ്വാസജീവിതമാണ് ഈ സങ്കീർത്തനങ്ങളിൽ നാം ദർശിക്കുന്നത്. ഈ നല്ല ഇടയനും, വലിയ ഇടയനും, ശ്രേഷ്ഠ ഇടയനുമായ കർത്താവിനോടൊരുമിച്ച് യുഗായുഗങ്ങളായി വസിക്കാമെന്നുള്ള വലിയ പ്രത്യാശ നമുക്കു നൽകിയിരിക്കുന്ന കർത്താവിനെ മഹത്വപ്പെടുത്താം. കർത്താവിന്റെ വരവിനായി നമുക്ക് ഒരുങ്ങാം. അതുവരെയും, കർത്താവു നമ്മെ ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷകൾ ഏറ്റവും വിശ്വസ്തതയോടെ നിർവ്വഹിച്ച് അവനോടൊരുമിച്ച് ജീവിതാന്ത്യം വരെയും യാത്ര തുടരുവാനുള്ള കൃപ കർത്താവു നൽകുമാറാകട്ടെ. സകല സ്തുതിയും മഹത്വവും അവന്റെ പാദപീഠത്തിൽ അർപ്പിച്ചുകൊള്ളുന്നു. ●

1-ാം പേജ് തുടർച്ച

# ദീനായുടെ വിനോദയാത്ര (ഉല്പ. 34)

നെ വശീകരിക്കുവാൻ ആഗ്രഹിക്കുന്നു, പിശാച് ചീത്ത അർത്ഥത്തിലും. ഹൃദയമാണ് മനുഷ്യമസ്തിഷ്കത്തിന്റെ കേന്ദ്രമായ കോട്ട (Citadel). ഈ കോട്ടയിൽ ഒന്നുകിൽ ദൈവം അല്ലെങ്കിൽ പിശാച് സ്വാധീനതയും സർവ്വാധിപത്യവും നടത്തണം. സഹവർത്തിത്വം ഇക്കാര്യത്തിൽ ഒട്ടുംതന്നെ അനുവദനീയമല്ല.

ശെഖേമിന്റെ അപ്പൻ പറയുന്നതു "നിങ്ങൾ ഞങ്ങളോട് വിവാഹസംബന്ധം കൂടി നിങ്ങളുടെ സ്ത്രീകളെ ഞങ്ങൾക്ക് തരികയും ഞങ്ങളുടെ സ്ത്രീകളെ നിങ്ങൾക്ക് എടുക്കയും ചെയ്‌വിൻ". വൻതോതിലുള്ള മിശ്രവിവാഹമാണ് മേല്പറഞ്ഞ വാക്കുകളിലെ ആശയം. ചുറ്റും പാർക്കുന്ന കനാന്യരുടെ കന്യകമാരിൽ നിന്ന് നീ എന്റെ മകന് ഭാര്യയെ എടുക്കാതെ, എന്റെ ചാർച്ചക്കാരുടെ അടുക്കൽ ചെന്ന് എന്റെ മകനായ യിസഹാക്കിന് ഭാര്യയെ എടുക്കണമെന്നായിരുന്നു അബ്രഹാമിന്റെ ഹൃദയവാഞ്ച. ഇക്കാര്യത്തിൽ അബ്രാഹാം വജ്രം പോലെ കണിശമുള്ളവനായിരുന്നു. എളുപ്പം നോക്കിയിരുന്നെങ്കിൽ ഒരു ദിവസംകൊണ്ടു യിസ്ഹാക്കിന്റെ കല്യാണം നടത്താമായിരുന്നു. അബ്രാഹാമിന്റെ കൂടാരത്തിനടുത്തുതന്നെ കനാന്യ കന്യകമാർ എത്രവേണമെങ്കിലും ഉണ്ടായിരുന്നു. ചെലവും ബദ്ധപ്പാടും എന്തുമാത്രം കുറഞ്ഞിരുന്നേനെ. സത്യത്തെ ബലികഴിച്ച് എളുപ്പവും സൗകര്യവും നോക്കി വിവാഹം, ആരാധന ഇത്യാദി കാര്യങ്ങളിൽപ്പെടുവാൻ വിശ്വാസികൾക്ക് ഇക്കാലത്ത് യാതൊരു കൂസലുമില്ല. അപ്പന്മാർ ഇക്കാര്യങ്ങളിൽ മരണപര്യന്തം വിശ്വസ്തരായി നിന്നു. മക്കളും കൊച്ചുമക്കളും അപ്പന്മാരുടെ അതിരുകളെല്ലാം മാറ്റി. ഇണയല്ലാപ്പിണ മൂലം ഉണ്ടാകുന്ന അനർത്ഥങ്ങളുടെ കാര്യം പറയണമോ?

മിശ്രവിവാഹത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് ഹമോർ പറയുന്നത് കേൾക്കുക. "നിങ്ങൾക്കു ഞങ്ങളോട് കൂടെ പാർക്കാം. ദേശത്തു നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടാകും; അതിൽ പാർത്തു വ്യാപാരം ചെയ്തു വസ്തു സമ്പാദിപ്പിൻ". ലോകത്തിലെ ഉയർച്ച എന്നതാണു സാരം. യേശുക്രിസ്തുവിന്റെ താഴ്ചയുടെ രംഗമായ ഈ ലോകത്തിൽ ഉയരണമെന്ന് മോഹിക്കുന്നത് ഒരു ദൈവ പൈതലിനെ സംബന്ധിച്ചിടത്തോളം അപലപനീയമായ ഒരു കാര്യമാകുന്നു.

മദ്ധ്യകാലയളവിൽ പലസ്തീൻ വീണ്ടും ക്രിസ്തീയരാജ്യങ്ങളുടെ സ്വാധീനതയിൽ കൊണ്ടുവരുന്നതിനുവേണ്ടി നടത്തിയ കുരിശു യുദ്ധങ്ങളെപ്പറ്റി നാം കേട്ടിട്ടുണ്ട്. ഒരു പ്രാവശ്യം നടന്ന സമരത്തിൽ തുർക്കികൾ പരാജിതരായി. ഒരു ക്രിസ്തീയ രാജാവ് പലസ്തീനിലെ ഭരണം ഏറ്റെടുത്തു. എന്നാൽ ആ രാജാവ് കിരീടം ധരിച്ചില്ല. കർത്താവായ യേശുക്രിസ്തു മുൾകിരീടം ധരിച്ച ഈ ദേശത്ത് ഞാൻ ഒരിക്കലും തങ്കക്കിരീടം ധരിക്കയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായം. നമ്മുടെ ആത്മനാഥൻ മുൾകിരീടം ധരിച്ച ഈ ഭൂമിയിൽ ക്രിസ്തുഭക്തന്മാരായ നാം തങ്കക്കിരീടം ധരിക്കയെന്നൊ!

ഇക്കാലത്തു ലോകത്തിലെ മഹാന്മാരുമായി ബന്ധങ്ങൾ പുലർത്തുന്നതിനുള്ള പ്രതിപത്തി വിശ്വാസികളിലും ചില സുവിശേഷകന്മാരിലും പ്രകടമായിരിക്കുന്നു. ലോകത്തിൽ പേരും പെരുമയും ഉണ്ടാക്കണമെന്നാണ് അവരുടെ ഉദ്ദേശം. വ്യാപാരം ചെയ്ത് വസ്തു സമ്പാദിക്ക എന്നതാണ് അവരുടെ ജീവിതലക്ഷ്യം. ജീവിതാവശ്യങ്ങൾക്കു ന്യായമായി പണം സമ്പാദിക്കുന്നത് ശരിയാണെങ്കിലും പണസമ്പാദനം ജീവിതാദർശമായി കരുതി സമ്പാദിപ്പാൻ ശക്തിതരുന്ന ദൈവത്തെ പുറന്തള്ളിക്കളയുന്നത് ഒട്ടും ശരിയല്ല. ഹമോരും പുത്രനും കൂടെ അവരുടെ പട്ടണവാസികൾക്ക് നൽകിയ ആലോചന ശ്രദ്ധേയമാണ് "അവരുടെ ആട്ടിൻ കൂട്ടവും സമ്പത്തും മൃഗങ്ങളും നമുക്ക് ആകയില്ലയൊ? അവർ പറയുംവണ്ണം സമ്മതിച്ചാൽ മതി" വസ്തുമയമായ അഭിവൃദ്ധിയെ ലാക്കാക്കിയാണ് ഹമോരും കൂട്ടരും "മതപരിവർത്തന"ത്തിനൊരുങ്ങിയത്. വസ്തുമയമായ പുരോഗതിയെ ലക്ഷ്യമാക്കിയുള്ള എത്രയോ മതപരിവർത്തനങ്ങൾ ലോകത്തിൽ നടന്നിട്ടുണ്ട്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന മാർഗ്ഗത്തിന്റെ അടിസ്ഥാനതത്വങ്ങൾ എന്തെല്ലാമെന്നു അവർക്കു അറിയാൻ പാടില്ല. അറിയണമെന്നു താല്പര്യവുമില്ല.

പരിച്ഛേദന കഴിഞ്ഞു. അവർ വേദനപ്പെട്ടിരിക്കുമ്പോൾ ശിമയോനും ലേവിയും വാൾ എടുത്തു കൂട്ടക്കൊല നടത്തി. ഭയങ്കരമായ ഒരു പുരുഷനിഗ്രഹം. ഗീതയുടെ ഉപദേശം ദുഷ്ടനിഗ്രഹം ശിഷ്ടപരിപാലനം എന്നാണ്. എന്നാൽ ഹാമോരിന്റെ പട്ടണത്തിൽ നടന്നതു പുരുഷനിഗ്രഹവും സ്ത്രീ പരിപാലനവുമായിരുന്നു. ഈ ഭയങ്കരമായ സംഹാരത്തിനു ആരായിരുന്നു കാരണം ഉണ്ടാക്കിയത്? ദീനായുടെ വിനോദയാത്ര ഇങ്ങനെയാണ് പര്യവസാനിച്ചത്. വിനോദത്തിൽ തുടങ്ങി. അവസാനിച്ചതോ കൂട്ടക്കൊലയിൽ. ഗിബയോൻ കുളക്കരയിൽ വച്ച് നടന്ന ബാല്യക്കാരുടെ കളിയാണു പെട്ടെന്നു വേദപഠിതാക്കളുടെ സ്മരണയിൽ വരുന്നത്. "അബ്നേർ യോവാബിനോട്: ബാല്യക്കാർ എഴുന്നേറ്റ് നമ്മുടെ മുമ്പാകെ ഒന്നു കളിക്കട്ടെ എന്നുപറഞ്ഞു" (2 ശമു. 2:11). കളിയുടെ ഫലം എന്തായിരുന്നു? 2-ാം അദ്ധ്യായം 30, 31 എന്നീ വാക്യങ്ങൾ വായിച്ചുനോക്കുക. യോവാബിന്റെ പക്ഷത്തുള്ള 20 പേരെ കണ്ടില്ല. അബ്നേരിന്റെ 360 പേരെ കണ്ടില്ല. ഒരു കളിയിൽ 380 പേർ പട്ടുപോയി. ഇങ്ങനെ കളി കാര്യമായി. ദീനായ്ക്കൊരു വിനോദയാത്ര. ഒരു പട്ടണത്തിലെ വിവാഹിതരായ വനിതകൾ എല്ലാ ഒറ്റയടിക്ക് വിധവമാരായി. നമ്മുടെ പ്രവർത്തനങ്ങളുടെ ദോഷഫലങ്ങൾ മറ്റുള്ളവർ അനുഭവിക്കുമെന്നതുകൊണ്ട് എത്രയോ കരുതി വേണം നാം ജീവിക്കുവാൻ. തനിക്കായി തന്നെ ജീവിക്കുവാൻ യാതൊരു മനുഷ്യനും സാദ്ധ്യമല്ല.

അതിദാരുണമായ ഒരു പുരുഷനിഗ്രഹം യാക്കോബിലുളവാക്കിയ പ്രത്യാഘാതം എന്തായിരുന്നു എന്നു നോക്കാം. "നിങ്ങൾ എന്നെ നാറ്റിച്ച് വിഷമത്തിലാക്കിയിരിക്കുന്നു". ദീനായുടെ ഇറങ്ങിപ്പോക്കു നിമിത്തം ഇത്തരം അശുഭമായ സംഭവവികാസങ്ങൾ ഉടലെടുക്കുമെന്ന് നമ്മുടെ ഗോത്രപിതാവ് സ്വപ്നമേ വിചാരിച്ചില്ല. എന്തുമാത്രം നാറ്റവും വിഷമവും! മക്കൾ വീട്ടിൽ നിന്നും ഇറങ്ങിപ്പോകുമ്പോൾ അവർ എവിടെ എന്തിനായി പോകുന്നു എന്നു ശരിയായി അന്വേഷിക്കേണ്ടതു നല്ല മാതാപിതാക്കന്മാരുടെ കർത്തവ്യമാണ്. മക്കളുടെ പോക്കും വരവും മറ്റും നിയന്ത്രിച്ചില്ലെങ്കിൽ നാറ്റവും വിഷമവും ആയിരിക്കും ഫലം. മാതാപിതാക്കന്മാരും മക്കളും ഒരുപോലെ കരുതി ജീവിച്ചിരുന്നെങ്കിൽ ഇന്നു ദൈവജനത്തിന്റെ ഇടയിൽ നടമാടുന്ന നാറ്റവും വിഷമവും എന്തുമാത്രം കുറഞ്ഞുപോകുമായിരുന്നു. കരുതി ജീവിക്കാൻ കർത്താവ് സഹായിക്കട്ടെ. ●

"ദൈവ വിഷയത്തിൽ സമ്പന്നരാകുക" ലൂക്കോസ് 12:21

## C. S. F. ക്യാമ്പ് – ആലുവ

ക്രിസ്ത്യൻ സിസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ

2024 ഏപ്രിൽ 16 ചൊവ്വാഴ്ച മുതൽ 20 ശനി വരെ


| | |
|---|---|
| സ്ഥലം | – ആലുവ വൈ.എം.സി.എ. ക്യാമ്പ് സൈറ്റ് |
| സമയം | – 16 – 4 – 2024 (ചൊവ്വ) വൈകുന്നേരം 6 മണി മുതൽ 20 – 4 – 2024 (ശനി) ഉച്ചയ്ക്ക് 2 മണി വരെ |
| താമസം | – ക്യാമ്പിൽ താമസ സൗകര്യം ഉണ്ടായിരിക്കും. ഭക്ഷണം ക്യാമ്പിൽ തന്നെ ക്രമീകരിച്ചിരിക്കുന്നു. ബൈബിൾ, നോട്ട്ബുക്ക്, പേന ഇവ കൊണ്ടുവരണം, രജിസ്ട്രേഷൻ ഫീസ് 500 രൂപ. |
| ശുശ്രൂഷകർ | – Br. കോശി മാത്യു, മുംബൈ, Br. ഷാനു ശാമുവേൽ, അടൂർ |
| വന്നുചേരേണ്ട വഴി | – ആലുവ – പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ബസ്സ് റൂട്ടിൽ തോട്ടുമുഖം വൈ.എം.സി.എ. ക്യാമ്പ് സൈറ്റിൽ ഇറങ്ങുക. |

- ആത്മീയ ഉണർവ് നൽകുന്ന ബൈബിൾ ക്ലാസ്സുകൾ, ധ്യാനങ്ങൾ
- വിജ്ഞാനപ്രദമായ ബൈബിൾ സ്റ്റഡി സർക്കിൾ
- പാട്ട്, ബൈബിൾ ക്വിസ് - (യെശയാവ് 1-30, 1 & 2 തിമൊഥിയോസ്), വേദപരിചയം - മത്സരങ്ങൾ, ടാലന്റ് ടൈം
- വർഷത്തിലൊരിക്കൽ നടക്കുന്ന ഈ ക്യാമ്പിലേക്ക് 14 വയസ്സ് പ്രായം മുതൽ എല്ലാ സഹോദരിമാരേയും കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.
- ക്യാമ്പിന്റെ അനുഗ്രഹങ്ങൾക്കായി എല്ലാ ദൈവമക്കളും പ്രാർത്ഥിക്കണമേ.
- ക്യാമ്പിന്റെ ക്രമീകരണത്തിന് വരാവുന്ന ഭാരിച്ച ചിലവിലേക്ക് കൂട്ടായ്മ കാണിപ്പാൻ അപേക്ഷിക്കുന്നു.

C.S. F. നു വേണ്ടി
സെക്രട്ടറി
അമ്മിണി ഫിലിപ്

NB : C. S. F. ന്റെ ഏപ്രിൽ മാസത്തെ മാസയോഗം ക്യാമ്പിൽവെച്ച് ശനിയാഴ്ച രാവിലെ 10 മണിമുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സഹോദരിമാർ തക്കസമയത്ത് വന്നുചേരുക.

# മഹത്വത്തിൽ



**എഴുപുന്ന, ആലപ്പുഴ** : എഴുപുന്ന ബ്രദറൺ സഭാംഗം സഹോദരൻ **റ്റി.എം. ഫ്രാൻസിസ്** (82) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 12 ന് ശുശ്രൂഷകൾക്ക് ശേഷം ഇടക്കൊച്ചി മക്കപ്പേലാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മൈലപ്ര, പത്തനംതിട്ട** : സഹോദരൻ കെ.ഒ. ജോർജിന്റെ സഹധർമ്മിണി **കുഞ്ഞമ്മ ജോർജ്** (94) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 14 ന് മൈലപ്ര ക്രിസ്ത്യൻ ബ്രദറൻ സഭാഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മൂക്കന്നൂർ** : മൂക്കന്നൂർ ബ്രദറൺ സഭാ സുവി. എം.എം. വർഗീസിന്റെ സഹധർമ്മിണി **അമ്മിണി വർഗീസ്** (70) മാർച്ച് 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 12 ന് മൂക്കന്നൂർ ബ്രദറൺ അസംബ്ലി ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം ചമ്പന്നൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വയലാ, അടൂർ** : ഏറത്ത് ബ്രദറൺ സഭാംഗം സഹോദരി **സാറാമ്മ ബാബു** (63) മാർച്ച് 16 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 19 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം പരുത്തപ്പാറ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇലന്തൂർ, പത്തനംതിട്ട** : ഇലന്തൂർ ഈസ്റ്റ് ബ്രദറൺ സഭാംഗം സഹോദരൻ **ജോർജ് എബ്രഹാം** (82) മാർച്ച് 17 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 19 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽസംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇടയാറന്മുള, പത്തനംതിട്ട** : സഹോദരൻ **കെ.വി. സാമുവേൽ** (95) മാർച്ച് 16 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 19 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ഇടയാറന്മുള ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കമ്മനഹള്ളി, ബാംഗ്ലൂർ** : ബഥനി ബ്രദറൺ സഭാംഗം സഹോദരൻ **പി.ടി. ഫിലിപ്** (86) മാർച്ച് 18 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 21 ന് ബഥനി ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ഹോസൂർ റോഡ് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അയ്മനം, കോട്ടയം** : സഹോ. **എൻ.ജി. മാത്യൂസ്** (80) മാർച്ച് 18 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 21 ന് അയ്മനം ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സുവി. ജോർജ് മാത്യു ഉറാൻ തന്റെ മകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മാമല, എറണാകുളം** : തൃപ്പൂണിത്തറ ബ്രദറൺ സഭാംഗം സഹോ. കെ.ജി. ജോർജിന്റെ സഹധർമ്മിണി **വത്സമ്മ ജോർജ്** (73) മാർച്ച് 20 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 23ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം മാമല സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

4-ാം പേജ് തുടർച്ച

# ന്യായവിധിയിൽ നിന്നും ഓടി രക്ഷപ്പെടുക

മ്പോൾ എന്നെ ഓർത്തുകൊള്ളേണമേ" യേശു അവനോടു "ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു". അവന്റെ ക്ഷണികമായ ജീവിതം ധന്യമായി. ആത്മാവ് നരകത്തിൽ വീഴുകയാണെങ്കിൽ ആ മനുഷ്യൻ ജനിക്കാതിരുന്നതാണ് ഏറ്റവും അനുഗ്രഹം. രക്ഷിക്കപ്പെടാത്തവന്റെ ആത്മാവും, ശരീരവും എന്നേയ്ക്കുമായി നഷ്ടപ്പെട്ട് നിത്യാഗ്നിയിൽ വീഴുകയാണ്. എന്തൊരു വല്ലാത്ത അനുഭവം!

ലോത്തിന്റെ ജീവിതത്തിൽ പ്രത്യേകമായ ദൈവകൃപ ലഭിച്ചു. അബ്രഹാം അവനുവേണ്ടി പ്രാർത്ഥിച്ചു. ലോകത്തിൽ രക്ഷിക്കപ്പെടാത്തവർക്കുവേണ്ടി ഓരോ ദിവസവും അനേകായിരങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷിക്കപ്പെടാത്ത മക്കൾക്കുവേണ്ടി മാതാപിതാക്കൾ ദിവസവും കണ്ണുനീരൊഴുക്കി പ്രാർത്ഥിക്കുന്നു. അതുകൊണ്ട് നാശപട്ടണത്തിൽ നിന്നും വിടുവിക്കുന്നതിനായി ദൈവം ചിലരെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും. നിത്യരക്ഷ പ്രാപിക്കുവാനായി കാൽവറി ക്രൂശിലേയ്ക്ക് ഓടാം. ദൈവത്തിന്റെ ദൂതന്മാർക്കു പ്രത്യേക സന്ദേശമുണ്ട്. ആ സന്ദേശം ഇതാണ് "ജീവരക്ഷക്കായി ഓടിരക്ഷപ്പെടുക". ഈ സുവാർത്ത ലോത്തിന്റെ ഭവനത്തിലെത്തിയത് പ്രത്യേക സമയത്തായിരുന്നു. അടുത്ത പ്രഭാതത്തിൽ സോദോം പട്ടണം നശിക്കും. ലോത്ത് ലഭിച്ച കരുണയുടെ സമയം നഷ്ടപ്പെടുത്താതെ ഉപയോഗിക്കണം.

അവിശ്വാസിയായ ഒരു യുവാവിനെക്കുറിച്ച് കേട്ടിട്ടുണ്ട്. മാതാപിതാക്കൾ ഏറെ പ്രാർത്ഥിച്ചു. അനേകർ സുവിശേഷം പറഞ്ഞു. എങ്കിലും ആ യുവാവിന് ആത്മീയമായി ഒരുമാറ്റവും സംഭവിച്ചില്ല. ആസ്ട്രേലിയയിൽ ജോലി കിട്ടിയതുകൊണ്ട് അങ്ങോട്ടു പോകുവാൻ തീരുമാനിച്ചു. മാതാപിതാക്കൾ അവനുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരു ബുധനാഴ്ചയാണ് താൻ യാത്രയകേണ്ടിയിരുന്നത്. അതിനുമുമ്പുള്ള ഞായറാഴ്ച മാതാപിതാക്കളോടൊത്ത് സമയം ചിലവഴിക്കുവാൻ തീരുമാനിച്ചു. അന്നുരാത്രിയിൽ അവന് ഒരു സ്വസ്ഥതയും ലഭിച്ചില്ല. തന്റെ മാതാപിതാക്കൾ സ്നേഹിക്കുന്ന കർത്താവിനെ കണ്ടെത്തുവാനായി ആഗ്രഹിച്ചു. രാത്രിയിൽ കണ്ണുനീരോട് പ്രാർത്ഥിച്ചു. കർത്താവിൽ വിശ്വസിച്ചു. സമയമായപ്പോൾ തന്റെ സ്നേഹിതരോടൊരുമിച്ച് യാത്രയായി. യാത്രാമധ്യേ തന്റെ മാതാവിന് ഒരു എഴുത്തയച്ചു "ഈ മുടിയൻ പുത്രനായ മകൻ ഒരു ദൈവപൈതലായി". എന്നാൽ യാത്രാമദ്ധ്യേ കപ്പലിന് അപകടം നേരിട്ടു. ഈ യുവാവും, തന്റെ സ്നേഹിതരും മരണമടഞ്ഞു. അപകടവിവരം അറിയിച്ച് ടെലഗ്രാം ലഭിക്കുന്നതിന് മണിക്കൂറുകൾക്കു മുമ്പ് മകന്റെ കത്ത് ലഭിച്ചു "താൻ രക്ഷിക്കപ്പെട്ടു", എന്നാൽ താമസിയാതെ നിത്യതയിൽ ചേർക്കപ്പെട്ടു എന്ന വിവരവും ലഭിച്ചു. ആ മാതാപിതാക്കൾക്ക് ദുഃഖമുണ്ടായി എങ്കിലും തങ്ങളുടെ പ്രിയമകനെ സ്വർഗ്ഗത്തിൽ കാണാമെന്നുള്ള ഏറിയ പ്രത്യാശ അവർക്കു കൂടുതൽ ധൈര്യം നൽകി. കർത്താവിൽ വിശ്വസിച്ചവർക്ക് ഏറെ സന്തോഷമുണ്ട്. കാരണം ദൈവമക്കൾ ഏറ്റവും സുരക്ഷിതമായ കർത്താവിന്റെ കരങ്ങളിലാണ്.

ലോത്തിനോടുള്ള ദൈവസ്നേഹം ഇത്ര ശക്തമാകുവാൻ കാരണം ദൈവത്തിന്റെ സ്നേഹിതനായ അബ്രഹാമിന്റെ പ്രാർത്ഥനയാണ്. അതുപോലെ ഓരോ സന്ദേശത്തിന്റെ പിമ്പിലും അനേകരുടെ ശക്തിയേറിയ പ്രാർത്ഥനയുണ്ട്. ദൈവസന്നിധിയിൽ താഴുവാനായി, സമർപ്പിക്കുവാനായി പരിശുദ്ധാത്മാവാം ദൈവം ഇടപെട്ടുകൊണ്ടിരിക്കുന്നു. അതു ദൈവത്തിന്റെ കരുണയാണ്. അതിൽ സന്തോഷിക്കാം. ●

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി.**


YMEF GENERAL
YOUTH CAMP - 2024

2024 SEPTEMBER 15 -18
ZION PUBLIC SCHOOL
KANCHIYAR - KATTAPPANA
THEME - DARE TO BE DIFFERENT
(വ്യത്യസ്തരായിരിപ്പാൻ ധൈര്യം കാണിക്ക)

Leaders
Br. Chandapilla Philip
Br. Thomson B Thomas
Br. Subash Thankachan
Br. Pramod Thomas
Br. Binu Samuel
Br. Dharmaraj
Br. Ben Thomas
Br. Shain P Assi. Bengal
Br. Gershome . Karnataka

PRAY & PREPARE

More details
Jacob P Mathew
General Secretary. 9847000691


ചിന്ത TVS

# നമ്മുടെ ജീവിതത്തിൽ നേരിടുന്ന ക്ലേശങ്ങളെ ക്രിയാത്മകമായി നേരിടുന്നതിൽ നാം തോറ്റുപോകാറുണ്ടോ?

ഭക്തനായ ഇയ്യോബ് തന്റെ ജീവിതത്തിന്റെ അനുഭവങ്ങളിൽ നിന്ന് അടർത്തിയെടുത്ത് ചില കാര്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. "അനർത്ഥം ഉത്ഭവിക്കുന്നത് പൂഴിയിൽ നിന്നല്ല; കഷ്ടത മുളക്കുന്നത് നിലത്തുനിന്നും അല്ല; തീപ്പൊരി ഉയരെ പറക്കുംപോലെ മനുഷ്യൻ കഷ്ടതക്കായി ജനിച്ചിരിക്കുന്നു" (ഇയ്യോ. 5:6–7). അപ്പോൾ കഷ്ടതയും, ക്ലേശങ്ങളും മരണവും എല്ലാം മനുഷ്യന്റെ കൂടപ്പിറപ്പുകൾ ആണ്. ഇതിനെ എങ്ങനെ നേരിടണമെന്ന് ഒരു വിധവയുടെ പ്രാർത്ഥന നമുക്ക് അല്പം പ്രകാശം നല്കുന്നുണ്ട്.

അത് ഇങ്ങനെയാണ്; "കർത്താവെ, എനിക്കാവശ്യമുള്ളതിൽ കവിഞ്ഞുള്ള യാതൊരു ഭൗതീകസുഖവും ഞാൻ ചോദിക്കുന്നില്ല. എന്റെ സങ്കടങ്ങളിൽ നിന്നും വേദനകളിൽ നിന്നും എന്നെ വിടുവിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നില്ല. പിന്നെയോ എന്നെക്കുറിച്ചുള്ള അവിടുത്തെ ഉദ്ദേശ്യം നിറവേറ്റപ്പെടുന്നതിനുള്ള കൃപയും വരവും നല്കണമെ എന്നുള്ളതാണ് എന്റെ പ്രാർത്ഥന. മറ്റുള്ളവരാൽ ഞാൻ നിന്ദിക്കപ്പെടുകയോ മനസ്സിന് മുറിവേൽക്കപ്പെടുകയോ ചെയ്യുമ്പോൾ അവരോട് ക്ഷമിക്കുവാനുള്ള ശക്തി എനിക്ക് തരേണമേ. പ്രതികാരം എനിക്കുള്ളതല്ലല്ലോ. എന്റെ ജീവിതത്തിലെ ഏത് സാഹചര്യങ്ങളിലും എന്നെത്തന്നെ വിവേകപൂർവ്വം അവയോട് പൊരുത്തപ്പെടുവാൻ തക്കവണ്ണം എന്നെ താഴ്ത്തി നടത്തുമാറാകേണമെ". നമ്മുടെ പ്രാർത്ഥനകളിൽ ഈ ആശയങ്ങൾ ഉൾക്കൊള്ളുന്ന ചില കാര്യങ്ങൾ ആത്മാർത്ഥമായി ക്രമീകരിച്ചാൽ അത് നമ്മുടെ ജീവിതത്തിൽ, കടുംബജീവിതത്തിൽ മാത്രമല്ല നമ്മുടെ സഭാതലത്തിലും വലിയ മാറ്റങ്ങൾക്ക് കാരണമായിരിക്കും എന്നുള്ളതിന് യാതൊരു സംശയവും ഇല്ല.

ജീവിത വിജയത്തിലേക്കുള്ള കൈചൂണ്ടികളായി അനേകം സൂചനകൾ നല്കിയിട്ടുള്ള "നെപ്പോളിയൻ ഹിൽ" എന്ന പ്രസിദ്ധ ഗ്രന്ഥകാരൻ ഇപ്രകാരം പറയുന്നു "കഷ്ടത, ശാരീരികവും മാനസികവുമായ വേദന, ജീവിത നൈരാശ്യം, മോഹഭംഗം എന്നിവ മനുഷ്യനെ വലിയവനാക്കുകയോ, അല്ലെങ്കിൽ നിത്യ പരാജയത്തിലേക്ക് നയിക്കുകയോ ചെയ്യുന്നു. ഒരു വ്യക്തി ഈ വക സാഹചര്യങ്ങളോട് അവലംഭിക്കുന്ന മനോഭാവത്തിന്റെ അടിസ്ഥാനത്തിലാണ് അവ അനുഗ്രഹമായോ അഥവാ ശാപമായോ പരിണമിക്കുന്നത്. ചിലർക്ക് കഷ്ടത പുരോഗതിയുടെ തടങ്ങൾ പാറയായി തീരുമ്പോൾ മറ്റുചിലർക്ക് അത് ഉന്നതിയിലേക്കുള്ള ചവിട്ടുപടിയായി രൂപാന്തരപ്പെടുന്നു. യോസേഫിന്റെ പതിമൂന്നുവർഷത്തെ കഷ്ടത ഫറവോന്റെ രണ്ടാം സ്ഥാനത്തേക്ക് അവനെ ഉയർത്താൻ കാരണമായി. ശൗൽ മൂലം ഉണ്ടായ കഷ്ടത ദാവീദിനെ സിംഹാസനത്തിലേക്കുള്ള പാത ഒരുക്കുകയായിരുന്നു. മാത്രമല്ല അവ വ്യക്തികളെ കൂറെക്കൂടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ ഇടയാക്കുന്നു. ദൈവത്തിൽ ആശ്രയം വെയ്ക്കുന്ന ഓരോ വ്യക്തിക്കും കൂടുതൽ വിജയത്തിലേക്ക് ചവിട്ടിക്കയറുവാൻ ഇടയാക്കുന്നു.

ദൈവജനമെ ഈ ലോകജീവിതത്തിൽ നാം നേരിടുന്ന ഏത് കഷ്ടതകളും ചിലപ്പോൾ നമ്മുടെ മനസ്സിനെ തീരെ തളർത്തുകയും ഹൃദയത്തെ നുറിക്കിയെന്നും വരാം. എന്നാൽ അങ്ങനെയുള്ളവരെ കർത്താവ് കൈവിടുകയില്ല. കാരണം അങ്ങനെയുള്ളവർക്ക് ദൈവം സമീപസ്ഥനാണ്. അങ്ങനെയുള്ളവരുടെകൂടെ അവൻ ചേർന്നു നടക്കുന്നു. എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക് പോയവരുടെ അനുഭവം നാം കണ്ടതാണല്ലൊ. തന്റെ സാന്നിധ്യം കൊണ്ടും തന്റെ വാഗ്ദത്തം കൊണ്ടും തന്നിൽ ആശ്രയിക്കുന്ന തന്റെ മക്കളെ ആശ്വസിപ്പിക്കുന്നു. വിശ്വാസത്താൽ ക്രിയാത്മകമായ രീതിയിൽ നമ്മുടെ ക്ലേശങ്ങളെ നാം നേരിടുമ്പോൾ ദൈവം നമ്മോടു പറയുന്നത് കേൾക്ക്, എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിനക്ക് ഉത്തരമരുളും നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ നമ്മെ അറിയിക്കുകയും ചെയ്യും. അങ്ങനെ വിജയകരമായ രീതിയിൽ ക്ലേശങ്ങളുടെ മദ്ധ്യത്തിലും മുന്നോട്ട് പോകുവാൻ നമ്മുടെ കർത്താവ് നമ്മെ സഹായിക്കും. ജീവിതം വിജയകരമായി തീരട്ടെ. തോൽക്കാനല്ലല്ലൊ നമ്മെ തിരഞ്ഞെടുത്തത്. ●


SUVISESHADHWANI
Fortnightly
Vol. 42 Issue 15
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875



**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 06-04-2024
If undelivered please return to :
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum